VOL NO: 07 I ISSUE 01
www.nerpatham.com
mail@nerpatham.com
2023 JANUARY 07 I ₹10

# നേർപഥം

വാരിക

# ഇസ്‌ലാം: പ്രബോധനം, പ്രസ്ഥാനം സമകാലിക ചിന്തകൾ

ഉള്ളുലയ്ക്കുന്ന പ്രശ്നങ്ങളിലൂടെയാണ് സമുദായം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. ക്രാന്തദർശിത്വത്തോടെ അജകൾ നിശ്ചയിക്കുകയും കാഴ്ചപ്പാടോടുകൂടി പ്രവർത്തനങ്ങൾ ഏകീകരിക്കുകയും നിലപാടുകളിൽ കണിശത പുലർത്തുകയും ചെയ്താൽ മാത്രമെ സത്യാനന്തരകാലത്ത് അതിജീവിക്കാൻ കഴിയൂ. നാരും വേരും തിരിച്ചറിയാതെയുള്ള നിലപാടുകൾ -മത സംഘടനകളോടായാലും രാഷ്ട്രീയ കക്ഷികളോടായാലും- ദോഷം മാത്രമെ വരുത്തിവെക്കൂ. സംഘടനയെ കുറിച്ച്, സമുദായത്തെ കുറിച്ച്, സമൂഹത്തെ കുറിച്ച്, രാജ്യത്തെ കുറിച്ചുള്ള ആകുലതകളും പ്രതീക്ഷകളും തുറന്നുപറയുന്നു.

## എന്താണ് ക്വുർആൻ കൊണ്ടുള്ള ജിഹാദ്?

|| പ്രമാണങ്ങളെ പരിഹസിക്കുന്നവരോട്

|| ദുഷ്യന്ത് ദവെയുടെ പ്രൗഢമായ ഉപസംഹാരം

|| അല്ലാഹുവിന്റെ നാമഗുണവിശേഷണങ്ങൾ; സലഫുകളുടെ വിശ്വാസത്തിൽ




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm

0311
# നേർപഥം
വാരിക

2023 ജനുവരി 07
1444 ജുമാദുൽ ഉഖ്റാ 13
പുസ്തകം 07 / ലക്കം 01




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി 10

അഭിമുഖം
## ആദർശ പ്രതിബദ്ധത: ചില സമകാലിക ചിന്തകൾ
ടി.കെ.അശ്റഫ് / ഉസ്മാൻ പാലക്കാഴി

മുഖമൊഴി
05
പ്രമാണങ്ങളെ പരിഹസിക്കുന്നവരോട്

ലേഖനം
06
അല്ലാഹുവിന്റെ നാമഗുണവിശേഷണങ്ങൾ; സലഫുകളുടെ വിശ്വാസത്തിൽ
സ്വലാഹുദ്ദീൻ അൽഹികമി

വനിതാപഥം
16
ഉമ്മയെന്ന തണൽമരം
ഹന്ന ഫസൽ

ലേഖനം
18
എന്താണ് ക്വുർആൻ കൊണ്ടുള്ള ജിഹാദ്?
ഡോ. ടി. കെ യൂസുഫ്

നിയമപഥം
22
നമ്മുടെ രാജ്യത്തെ കോടതികൾ
അബൂആദം അയ്മൻ

ക്വുർആൻ ദർശനം
24
സൂറ: അശ്ശൂറാ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

ലേഖനം
26
ദുഷ്യന്ത് ദവെയുടെ പ്രൗഢമായ ഉപസംഹാരം
സുഫ്‌യാൻ അബ്ദുസ്സലാം

കവിത
31
ലഹരി പുകയുന്ന കലാലയങ്ങൾ
ശാക്കിറ ടി.കെ

പാചകപഥം
32
രുചികരമായ ചമ്മന്തികൾ
സലീന ബിൻത് മുഹമ്മദലി

ബാലപഥം
33
കാക്കയും മനുഷ്യനും
സുലൈഖ വാണിയമ്പലം

34
അറിവിന്റെ പ്രാധാന്യം
വി.വി. ബഷീർ, വടകര
നാം നമ്മെയറിയുക
അസ്ഹർ അബ്ദുറസാഖ്



# ജെൻഡർ സാമൂഹ്യ നിർമിതിയാണെന്ന നയം സർക്കാർ തിരുത്തണം:

## മുസ്‌ലിം കോർഡിനേഷൻ സമിതി യോഗം

കോഴിക്കോട്: ജെൻഡർ സാമൂഹ്യ നിർമിതിയാണെന്ന സർക്കാർ നിലപാട് തിരുത്തപ്പെടണമെന്ന് കോഴിക്കോട്ടു ചേർന്ന മുസ്‌ലിം കോർഡിനേഷൻ സമിതി യോഗം ആവശ്യപ്പെട്ടു. ഇത് കേവലം ഒരു മുസ്‌ലിം പ്രശ്നം മാത്രമല്ലെന്നും ധാർമികതയെയും സദാചാരത്തെയും പവിത്രമായി കാണുന്ന മുഴുവൻ ജനവിഭാഗങ്ങളെയും ബാധിക്കുന്നതാണെന്നും യോഗം വിലയിരുത്തി. ഈ വിഷയത്തിലുള്ള പൊതുജനങ്ങളുടെ അജ്ഞത മുതലെടുത്താണ് ഇതിന് കൊടിപിടിക്കുന്നവർ പൊതുയിടങ്ങളിൽ സ്വാധീനം നേടുന്നത്.

ജെൻഡർ വിഷയത്തിലെ ചതിക്കുഴികൾ സമൂഹത്തെ ബോധവത്കരിക്കാനും സർക്കാറിനെ ഈ നയത്തിൽ നിന്ന് പിന്തിരിപ്പിക്കാനും വളരെ വിപുലമായ കർമപദ്ധതികൾ ആസൂത്രണം ചെയ്യാനായി എല്ലാ സംഘടനകളിൽ നിന്നുമുള്ള പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു സബ്കമ്മിറ്റിയെ യോഗത്തിൽ തെരഞ്ഞെടുത്തു. ഫാസിസത്തോട് സ്വീകരിക്കേണ്ട സമീപനത്തിന്റെ പേരിൽ മതേതര സമൂഹത്തിലും വിശിഷ്യാ സമുദായത്തിലും വിള്ളൽ വരാതിരിക്കാൻ അതീവ ജാഗ്രത വേണമെന്ന് യോഗത്തിൽ പൊതുവികാരം ഉയർന്നു.

ഏക സിവിൽ കോഡ്, സാമ്പത്തിക സംവരണം, പൗരത്വ ഭേദഗതി എന്നീ വിഷയങ്ങളും ചർച്ച ചെയ്തു. സംവരണത്തിന്റെ അടിസ്ഥാനം സാമൂഹ്യനീതിയാണ്. 103-ാം ഭരണഘടന ഭേദഗതിയിലൂടെ ഇപ്പോൾ അനുവദിച്ച സാമ്പത്തിക സംവരണം, പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ ന്യായമായ അവകാശങ്ങൾ തടയപ്പെടുന്നു. 103ാം ഭരണഘടന ഭേദഗതി പിൻവലിക്കുകയും ഭരണഘടന ബെഞ്ചിലെ അഞ്ചംഗ വിധി സുപ്രീം കോടതി വിശാല ബെഞ്ച് പുനഃപരിശോധിക്കുകയും വേണം.

ബി.ജെ.പി ഭരിക്കുന്ന 11 സംസ്ഥാനങ്ങളോട് പൗരത്വനിയമം നടപ്പിലാക്കാൻ ആവശ്യപ്പെട്ട ആഭ്യന്തര മന്ത്രാലയത്തിന്റെ നടപടി ജനവികാരത്തിനെതിരാണ്. ഈ നീക്കം ഭരണകൂടം ഉപേക്ഷിക്കണം. ഇല്ലെങ്കിൽ ശക്തമായ ജനകീയ പ്രക്ഷോഭങ്ങൾക്ക് രാജ്യം വീണ്ടും സാക്ഷിയാകുമെന്നും യോഗം അഭിപ്രായപ്പെട്ടു.

പാണക്കാട് സയ്യിദ് സ്വാദിഖലി ശിഹാബ് തങ്ങളുടെ അധ്യക്ഷതയിലായിരുന്നു യോഗം. മുസ്‌ലിം ലീഗിനെ പ്രതിനിധീകരിച്ച് പി.കെ കുഞ്ഞാലിക്കുട്ടി എം.എൽ.എ, ഇ.ടി മുഹമ്മദ് ബഷീർ എം.പി, എം.പി അബ്ദുസ്സമദ് സമദാനി എം.പി, പി.വി അബ്ദുൽ വഹാബ് എം. പി, പി.എം.എ സലാം, മുഹമ്മദ് ബഹാഉദ്ദീൻ നദ്‌വി, ആർ.വി.കുട്ടി ഹസൻ ദാരിമി, മുസ്തഫ മുണ്ടുപാറ (സമസ്ത), എം.ഐ അബ്ദുൽ അസീസ്, ശിഹാബ് പൂക്കോട്ടൂർ (ജമാഅത്തെ ഇസ്‌ലാമി), പി.എൻ അബ്ദുല്ലത്വീഫ് മദനി, ടി.കെ അഷ്‌റഫ് (വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ), കടക്കൽ അബ്ദുൽ അസീസ് മൗലവി (ദക്ഷിണ കേരള ജംഇയ്യതുൽ ഉലമ), സി.പി ഉമർ സുല്ലമി, അബ്ദുല്ലത്വീഫ് കരിമ്പിലാക്കൽ (മർകസുദ്ദഅ്‌വ), ടി.പി അഷ്‌റഫ് ബാഖവി (സംസ്ഥാന ജംഇയ്യതുൽ ഉലമ), ഡോ.പി. ഉണ്ണീൻ, എഞ്ചിനീയർ അഹ്മദ് കോയ (എം.എസ്.എസ്) എന്നിവർ യോഗത്തിൽ പങ്കെടുത്തു.

മുഖമൊഴി

# പ്രമാണങ്ങളെ പരിഹസിക്കുന്നവരോട്

അല്ലാഹുവിന്റെ ഗ്രന്ഥത്തെയും അവന്റെ റസൂലിന്റെ സുന്നത്തിനെയും പരിഹസിക്കലും ദുർവ്യാഖ്യാനിക്കലും ഒരു രോഗമായി പടർന്നുപിടിക്കുകയാണിന്ന് മുസ്‌ലിം സമൂഹത്തിൽ. 'ആധുനിക ലോകത്തിലെ മുസ്‌ലിം' ആയിത്തീരണമെങ്കിൽ പ്രമാണങ്ങൾ പഠിപ്പിക്കുന്ന കാര്യങ്ങൾ അങ്ങനെയങ്ങ് ഉൾക്കൊള്ളാൻ പാടില്ല, ബുദ്ധിപരമായി വ്യാഖ്യാനിച്ച് അവയെ 'ആധുനിക'മാക്കേണ്ടതുണ്ട് എന്ന എന്ന ചില 'പണ്ഡിത(?)'ന്മാരുടെ തലതിരിഞ്ഞ ചിന്താഗതി സമൂഹത്തിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ഇസ്‌ലാമിനോട് കൂറുള്ള ഒരാൾക്കും ചിന്തിക്കാതിരിക്കാൻ കഴിയില്ല.

ക്വുർആൻ സൂക്തങ്ങളെയും ഹദീസുകളെയും പരിഹസിക്കുന്നതിന്റെയും അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും അനുചരന്മാരുടെയും പേരിൽ കള്ളം പറയുന്നതിന്റെയും ഗൗരവം അറിയാത്തവരല്ല അത്തരത്തിലുള്ള ധിക്കാരത്തിന് തുനിയുന്നത് എന്ന കാര്യം വിസ്മരിച്ചുകൂടാ. സംഗീതം ആസ്വദിക്കാൻ ക്വുർആനിൽ തെളിവുണ്ട്, സ്വഹാബികൾ ഹാർമോണിയം ഉപയോഗിച്ച് പാട്ടുകൾ പാടിയിരുന്നു, അക്കാര്യം ബുഖാരിയിലും മുസ്‌ലിമിലുമുണ്ട്, സിഹ്‌റിന്റെ ഹദീസിന്റെ നിവേദകരിൽ സ്വഹാബിയില്ല തുടങ്ങിയ കള്ളങ്ങൾ എഴുന്നള്ളിച്ചുകൊണ്ട് ചില പണ്ഡിതന്മാർ തങ്ങളുടെ വികലവീക്ഷണങ്ങൾക്ക് തെളിവുനിരത്താൻ പാടുപെട്ട കാഴ്ച അതാണ് നമ്മെ ബോധ്യപ്പെടുത്തുന്നത്.

ക്വുർആൻ വചനത്തെയോ ഹദീസിനെയോ പ്രമാണങ്ങൾ പഠിപ്പിക്കുന്ന ദിക്‌റുകളെയോ പരിഹസിക്കുന്നതും നിഷേധിക്കുന്നതും ദുർവ്യാഖ്യാനിക്കുന്നതും അല്ലാഹുവിനെ നിഷേധിക്കലാണ്. കാരണം റുബൂബിയ്യത്തിനെയും പ്രവാചകത്വത്തെയും നിസ്സാരവത്കരിക്കലും തൗഹീദിന് വിരുദ്ധവുമാണത്. അല്ലാഹു പറയുന്നു: "നീ അവരോട് (അതിനെപ്പറ്റി) ചോദിച്ചാൽ അവർ പറയും: ഞങ്ങൾ തമാശ പറഞ്ഞു കളിക്കുക മാത്രമായിരുന്നു. പറയുക: അല്ലാഹുവെയും അവന്റെ ആയത്തുകളെയും അവന്റെ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചുകൊണ്ടിരിക്കുന്നത്? നിങ്ങൾ ഒഴിവ്കഴിവൊന്നും പറയേണ്ട. വിശ്വസിച്ചതിനു ശേഷം നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു. നിങ്ങളിൽ ഒരു വിഭാഗത്തിന് നാം മാപ്പ് നൽകുകയാണെങ്കിൽ തന്നെ മറ്റൊരു വിഭാഗത്തിന്, അവർ കുറ്റവാളികളായിരുന്നതിനാൽ നാം ശിക്ഷ നൽകുന്നതാണ്" (9: 65-66).

നബി(സ)യെയും സ്വഹാബത്തിനെയും ചില യുദ്ധരംഗങ്ങളിൽ മുനാഫിക്വുകൾ പരിഹസിച്ചതിന്റെ ഫലമായാണ് ഈ ആയത്തുകൾ അവതരിച്ചതെന്ന് കാണുവാൻ സാധിക്കും. ഇബ്നു ഉമർ, മുഹമ്മദ്ബ്നു കഅ്ബ്, സൈദ്ബ്നു അസ്‌ലം ഖതാദ (റ) തുടങ്ങിയവരിൽ നിന്നും ഇബ്നു ജരീർ റിപ്പോർട്ട് ചെയ്യുന്നു. 'തബൂക്ക് യുദ്ധത്തിലാണ് ഒരാൾ ഇത് പറഞ്ഞത്:- 'യുദ്ധരംഗങ്ങളിൽ ഓത്തുകാരായ ഈ ആളുകളെക്കാൾ വലിയ ഭീരുക്കളെയും നുണയന്മാരെയും ഞങ്ങൾ കണ്ടിട്ടില്ല (നബി(സ)യും സ്വഹാബത്തും)'. അപ്പോൾ ഔഫുബ്നു മാലിക് അയാളോട് പറഞ്ഞു: 'നീ പറഞ്ഞത് നുണയാണ്. നീ മുനാഫിക്വുമാണ്. നബി(സ) യോട് ഞാനിക്കാര്യം പറയുക തന്നെ ചെയ്യും.' ഔഫ്(റ) നബി (സ)യുടെ അടുക്കലേക്ക് പോയി. പക്ഷേ, അതിനു മുമ്പ് ക്വുർആൻ അവതരിച്ച് കഴിഞ്ഞിരുന്നു... ശേഷം ഈ വ്യക്തി (മുനാഫിക്വ്) നബി(സ)യുടെ അടുക്കലേക്ക് വന്നുകൊണ്ട് പറഞ്ഞു: 'ഞങ്ങൾ തമാശ പറഞ്ഞ് കളിക്കുക മാത്രമായിരുന്നു.' അപ്പോൾ നബി(സ) അയാളോട് പറഞ്ഞു: "അല്ലാഹുവെയും അവന്റെ ദൃഷ്ടാന്തങ്ങളെയും അവന്റെ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചുകൊണ്ടിരിക്കുന്നത്? നിങ്ങൾ ഒഴിവ്കഴിവുകളൊന്നും പറയേണ്ട. വിശ്വസിച്ചതിനു ശേഷം നിങ്ങൾ അവിശ്വസിച്ചുകഴിഞ്ഞിരിക്കുന്നു" (അത്തൗബ 65,66).

അല്ലാഹുവിനെയും അവന്റെ റസൂലിനെയും അഥവാ ക്വുർആൻ ആയത്തുകളെയും പ്രവാചക ചര്യയെയും സ്വഹാബത്തിനെയും പരിഹസിക്കുന്നവൻ സത്യനിഷേധികളാണെന്നതിനുള്ള വ്യക്തമായ രേഖയാണ് ഉപരിസൂചിത വചനങ്ങൾ. അല്ലാഹുവിന്റെ രക്ഷാകർതൃത്വത്തെയും പ്രവാചകന്റെ ദൗത്യത്തെയും നിസ്സാരവത്കരിക്കലാണത്.

# അല്ലാഹുവിന്റെ നാമഗുണവിശേഷണങ്ങൾ; സലഫുകളുടെ വിശ്വാസത്തിൽ

സ്വലാഹുദ്ദീൻ അൽഹികമി

അല്ലാഹുവിന്റെ നാമങ്ങളെയും ഗുണവിശേഷണങ്ങളെയും ശരിയായ രീതിയിൽ മനസ്സിലാക്കുകയും അവയിൽ വിശ്വസിക്കുകയും ചെയ്യുക എന്നതാണ് അസ്മാഅ് വസ്സ്വിഫാതിലുള്ള വിശ്വാസം എന്നതു കൊണ്ട് വിവക്ഷിക്കപ്പെടുന്നത്. എന്നാൽ വ്യതിയാന കക്ഷികളുടെ പിഴച്ച വിശദീകരണങ്ങളുടെ ഫലമായി ഇന്ന് ഏറെ സങ്കീർണമായിരിക്കുകയാണ് ഇക്കാര്യം. മുഹമ്മദ് ഇബ്നു ഖലീഫ തമീമി (ഹഫി) പറയുന്നു:

"സച്ചരിതരായ പണ്ഡിതന്മാർക്കും ഇൽമുൽ കലാമിന്റെയും ഫിലോസഫിയുടെയും വക്താക്കൾക്കും ഇടയിൽ നടന്ന ശക്തവും സങ്കീർണവുമായ അഭിപ്രായ ഭിന്നതകളുടെ അനന്തരഫലമായി ഏറ്റവും വഴി പിഴക്കാൻ സാധ്യതയുള്ള മേഖലയായി അസ്മാഅ് വസ്സ്വിഫാതിന്റെ രംഗം കണക്കാക്കപ്പെടുന്നു."




അതേസമയം ഇസ്‌ലാമിന്റെ അടിസ്ഥാന സാക്ഷ്യവചനത്തിന്റെ സാക്ഷാത്കാരം പ്രസ്തുത രംഗത്തുള്ള ശരിയായ വിശ്വാസം കൊണ്ടേ സാധ്യമാകൂ. ഇബ്നുൽ ക്വയ്യിം (റഹി) പറയുന്നു:

"അല്ലാഹു അല്ലാതെ യാതൊരുവിധ ആരാധ്യനുമില്ല എന്നതിനെ ശരിയായ രീതിയിൽ സത്യപ്പെടുത്തുക എന്നത് അതിന്റെ വിവിധ ഇനങ്ങളെ സത്യപ്പെടുത്തലിനെ അനിവാര്യമാക്കുന്നു. മതത്തിന്റെ അടിസ്ഥാനപരവും അല്ലാത്തതുമായ മുഴുവൻ കാര്യങ്ങളും പ്രസ്തുത വാക്യത്തിന്റെ ശാഖകളിൽ പെട്ടതാണ്. അല്ലാഹുവിലും മലക്കുകളിലും വേദഗ്രന്ഥങ്ങളിലും പ്രവാചകന്മാരിലും അല്ലാഹുവിനെ കണ്ടുമുട്ടും എന്നതിലും വിശ്വസിക്കുന്നതുവരെ ഒരു അടിമയും പ്രസ്തുത വാക്യത്തെ ശരിയായ രീതിയിൽ സത്യപ്പെടുത്തിയിട്ടില്ല. അല്ലാഹുവിന്റെ മഹത്ത്വമേറിയതും പൂർണവുമായ ഗുണ വിശേഷണങ്ങളിൽ വിശ്വസിക്കാത്തവൻ ലോകരുടെ ആരാധ്യൻ അല്ലാഹു ആണെന്ന് വിശ്വസിച്ചിട്ടില്ല."

പ്രവാചകന്മാരിലും വേദഗ്രന്ഥങ്ങളിലുമുള്ള വിശ്വാസം പൂർണമാ

കുന്നതും അവർ മുഖേന അല്ലാഹു അറിയിച്ചുതന്ന അവന്റെ നാമഗുണ വിശേഷണങ്ങളിൽ ശരിയായ രീതിയിൽ വിശ്വസിക്കുമ്പോഴാണ്. കാരണം പ്രവാചകൻ(സ്വ) പഠിപ്പിച്ചുതന്ന കാര്യങ്ങളിൽ പെട്ടതാണ് അവ. അതോടൊപ്പംതന്നെ അദൃശ്യകാര്യങ്ങളിലുള്ള വിശ്വാസത്തിന്റെ മുഖ്യഘടകവുമാണ് അല്ലാഹുവിനെ സംബന്ധിച്ചുള്ള വിശ്വാസം. സൂറതുൽ ബക്വറയിലെ മൂന്നാം സൂക്തത്തിലെ 'അദൃശ്യത്തിൽ വിശ്വസിക്കുന്നവർ' എന്നതിനെ വിശദീകരിക്കവെ ഇമാം സഅദി (റഹി) പറയുന്നു:

"കഴിഞ്ഞതും വരാനിരിക്കുന്നതുമായ, അല്ലാഹു അറിയിച്ചുതന്ന അദൃശ്യകാര്യങ്ങളിലും അന്ത്യനാളിലെ അവസ്ഥകളെ സംബന്ധിച്ചും അല്ലാഹുവിന്റെ വിശേഷങ്ങളെ സംബന്ധിച്ചും അവയുടെ രൂപത്തെ സംബന്ധിച്ച് അല്ലാഹു അറിയിച്ചുതന്നതിലും വിശ്വസിക്കലും ഗൈബിൽ (അദൃശ്യ കാര്യങ്ങളിൽ) വിശ്വസിക്കുന്നതിൽ ഉൾപ്പെടുന്നു. അതിനാൽതന്നെ അല്ലാഹുവിന്റെ വിശേഷണങ്ങളുടെ രൂപം ഗ്രഹിക്കാനാവില്ലെങ്കിലും വിശ്വാസികൾ അവയിൽ വിശ്വസിക്കും" (തഫ്സീറുസ്സഅദി).

അതിനാൽതന്നെ ശരിയായ രൂപത്തിൽ പ്രസ്തുത രംഗത്തെ വിശ്വാസത്തെ ക്രമീകരിക്കാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. അതിന് മുൻഗാമികളുടെ വിശ്വാസം എപ്രകാരമായിരുന്നു എന്ന് നാം മനസ്സിലാക്കിയേ തീരൂ.

**സലഫുകളുടെ നിലപാട്**

ഇസ്‌ലാമിലെ എല്ലാ കാര്യങ്ങളിലും എന്നതുപോലെത്തന്നെ അല്ലാഹുവിനെ സംബന്ധിച്ചുള്ള വിശ്വാസരംഗത്തും പ്രമാണങ്ങൾ പഠിപ്പിക്കുന്നതിനനുസൃതമായി വിശ്വസിക്കുക എന്ന നിലപാടായിരുന്നു മുൻഗാമികൾ അനുവർത്തിച്ചുപോന്നത്. പ്രവാചകൻ(സ്വ) പഠിപ്പിച്ചു നൽകിയത് ശരിയായ രീതിയിൽ അവർ വിശ്വസിച്ചു. മനുഷ്യബുദ്ധിക്കും ശാസ്ത്രത്തിനും യോജിക്കുന്നുണ്ടോ എന്നവർ

**"ഇസ്‌ലാമിക വിശ്വാസത്തിൽ മൗലിക പ്രധാനമായ ഒരു തത്ത്വമാണ് അവനെപ്പോലെ ഒരു വസ്തുവും ഇല്ല എന്ന വാക്യം. അല്ലാഹുവിന്റെ പരിശുദ്ധ സത്തയിലാകട്ടെ ഉൽകൃഷ്ട ഗുണങ്ങളിൽ ആകട്ടെ പ്രവർത്തനങ്ങളിൽ ആകട്ടെ അധികാര അവകാശങ്ങളിലാകട്ടെ അവനെപ്പോലെ, അവനു തുല്യമായോ കിടയൊത്തോ യാതൊന്നും തന്നെയില്ല. ഇതിൽ ഏതെങ്കിലും ഒന്നിൽ അവനോട് തുല്യതയോ സമത്വമോ കൽപിക്കുന്നതിനാണ് ശിർക്ക് (പങ്കുചേർക്കൽ അഥവാ ബഹുദൈവവിശ്വാസം) എന്നു പറയുന്നത്. അതുകൊണ്ടുതന്നെ സൃഷ്ടികളെ സംബന്ധിച്ച് ഉപയോഗിക്കപ്പെടാറുള്ള ഏതെങ്കിലും നാമങ്ങളോ ക്രിയാ വിശേഷണങ്ങളോ അല്ലാഹുവിനോട് ബന്ധപ്പെടുത്തിക്കൊണ്ട് ക്വുർആനിലോ ഹദീസിലോ ഉപയോഗിച്ച് കണ്ടാൽതന്നെയും അത് ഭാഷയുടെയും വാച്യാർഥത്തിന്റെയും അടിസ്ഥാനത്തിൽ മാത്രം പറയപ്പെടുന്നതാണെന്നും ഉദ്ദേശത്തിലും യഥാർഥത്തിലും അവ വ്യത്യസ്തമായിരിക്കുമെന്നും മനസ്സിലാക്കേണ്ടതാണ്'' (തഫ്സീറു അമാനി).**

പരിശോധിച്ചിരുന്നില്ല. കാരണം ആകാശ ലോകത്തുനിന്ന് ലഭിക്കുന്ന ദിവ്യസന്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം സംസാരിക്കുന്നതെന്നവർ ദൃഢമായി വിശ്വസിച്ചിരുന്നു.

എന്നാൽ സ്വഹാബികളുടെ കാലഘട്ടത്തിന്റെ അന്ത്യദശയിൽ തന്നെ ഇസ്‌ലാമിക ലോകത്ത് അവാന്തര കക്ഷികൾ രൂപപ്പെട്ടു. യുക്തിക്കും ബുദ്ധിക്കും അനുസരിച്ച് പ്രമാണങ്ങളെ മനനവിധേയമാക്കുന്ന രീതി കടന്നുവന്നു. ഖവാരിജിയത്ത്, മുഅ്തസിലിയത്ത് തുടങ്ങിയ വ്യതിയാന കക്ഷികൾ സമൂഹത്തിൽ വേരൂന്നി. വാഗ്വൈഭവത്തിന്റെ സഹായത്തോടെ പിഴച്ച വാദഗതികൾ സമൂഹത്തിൽ അവർ പ്രചരിപ്പിച്ചു. അക്കാലഘട്ടം മുതൽക്ക് അസ്മാഅ് വസ്സിഫാതിനെക്കുറിച്ചുള്ള ശരിയായ നിലപാട് എന്താണെന്ന് പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്. സത്യം തുറന്നുപറഞ്ഞതിന്റെ പേരിൽ നേരിടേണ്ടിവന്ന എല്ലാ പ്രയാസങ്ങളും അവർ സധൈര്യം നേരിട്ടു. ഇമാം അഹ്മദ് ഇബ്നു ഹമ്പലിന് മുഅ്തസിലിയാക്കളിൽ നിന്ന് നേരിടേണ്ടിവന്ന പീഡനങ്ങൾ ഉദാഹരണമാണ്. വ്യതിയാന കക്ഷികൾക്ക് പ്രധാനമായും പിഴവ് സംഭവിച്ചത്

അല്ലാഹുവിന്റെ നാമഗുണ വിശേഷണങ്ങളുമായി ബന്ധപ്പെട്ടതിലായിരുന്നതിനാൽ തന്നെ അക്കാലഘട്ടത്തിൽ വിരചിതമായ ഗ്രന്ഥങ്ങളിൽ പ്രസ്തുത രംഗത്തെ അഹ്‌ലുസ്സുന്നയുടെ നിലപാട് എന്തായിരുന്നു എന്ന് വ്യക്തമാക്കിയിരുന്നതായി കാണാൻ സാധിക്കും. അല്ലാഹുവിന്റെ നാമങ്ങളെയും വിശേഷണങ്ങളെയും സംബന്ധിച്ച് അല്ലാഹുവും റസൂലും പഠിപ്പിച്ചതിൽ യാതൊരുവിധത്തിലും വക്രീകരിക്കാതെ വിശ്വസിക്കുക എന്നതാണ് അഹ്‌ലുസ്സുന്ന സ്വീകരിച്ചുപോന്ന നിലപാട്. ഇമാം ദഹബി (റഹി) ഇമാം ശാഫിഈ(റഹി)യിൽനിന്ന് ഉദ്ധരിക്കുന്നു; അദ്ദേഹം പറഞ്ഞു:

"ക്വുർആനിലും സുന്നത്തിലും വന്നത് പ്രകാരം സ്വിഫാത്തുകളെ അല്ലാഹുവിന് സ്ഥിരപ്പെടുത്തുന്നു. അല്ലാഹുതന്നെ തനിക്ക് തുല്യമായി ഒന്നുമില്ല എന്ന് പറഞ്ഞതു പ്രകാരം നാം അവനെ സൃഷ്ടികളുമായി സാദൃശ്യപ്പെടുത്താതിരിക്കുകയും ചെയ്യുന്നു."

അബൂ ഹനീഫ(റഹി) പറയുന്നു: "അല്ലാഹുവിന്റെ വിശേഷണങ്ങൾ സൃഷ്ടികളോട് സമാനമല്ല. അവൻ എല്ലാം അറിയുന്നു. പക്ഷേ, നമ്മുടെ അറിവുപോലെയല്ല. അവന് എല്ലാത്തിനും

കഴിവുണ്ട്. പക്ഷേ, നമ്മുടെതിന് സമാനമല്ല. നാം കാണുന്നതുപോലെയല്ലാതെ അവൻ കാണുകയും നമ്മുടെ സംസാരത്തിന് സമാനമായിട്ടല്ലാതെ അവൻ കേൾക്കുകയും സംസാരിക്കുകയും ചെയ്യുന്നു.''

വീണ്ടും പറയുന്നു: "അല്ലാഹുവിനെ ഒരിക്കലും സൃഷ്ടികളുടെ വിശേഷണങ്ങൾകൊണ്ട് വിശേഷിപ്പിക്കരുത്.''

ഇമാം ദാറുഖുത്നി വലീദുബ്നു മുസ്‌ലിമിൽനിന്ന് ഉദ്ധരിക്കുന്നു: "ഞാൻ ഇമാം മാലികിനോടും സൗരിയോടും നസാഇയോടും ലൈസ് ബിൻ സഅ്ദിനോടും സ്വിഫാത്തുമായി ബന്ധപ്പെട്ട് വന്ന വചനങ്ങളെ സംബന്ധിച്ച് ചോദിച്ചപ്പോൾ അവർ പറഞ്ഞു: "അവയെ വന്നത് പ്രകാരം മനസ്സിലാക്കുക' ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി) പറയുന്നു: 'അല്ലാഹുവിനെ സംബന്ധിച്ച് അവൻ ക്വുർആനിൽ വിശേഷിപ്പിച്ചതും പ്രവാചകൻ അവനെ വിശേഷിപ്പിച്ചതുമായവയെ യാതൊരു തരത്തിലുള്ള മാറ്റംവരുത്തലോ നിഷേധിക്കലോ രൂപം പറയലോ സാദൃശ്യപ്പെടുത്തലോ കൂടാതെ വിശ്വസിക്കൽ അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ ഭാഗമാണ്.''

പ്രസ്തുത ആശയം മറ്റു പണ്ഡിതന്മാരിൽനിന്നും ഉദ്ധരിക്കപ്പെട്ടതായി കാണാം. സൂറതുൽ അഅ്റാഫിലെ 54ാം വചനം വിശദീകരിക്കുമ്പോൾ ഇബ്നു കസീർ (റഹി) ഉദ്ധരിക്കുന്നു: "ഇമാം ബുഖാരിയുടെ ഗുരുനാഥനായ നുഐം ഇബ്നു ഹമ്മാദ് പറയുന്നു: 'ആരെങ്കിലും അല്ലാഹുവിനെ സൃഷ്ടികളോട് സാദൃശ്യപ്പെടുത്തുകയോ അല്ലാഹു സ്വയം വിശേഷിപ്പിച്ച വിശേഷണങ്ങളെ നിഷേധിക്കുകയോ ചെയ്താൽ കാഫിറായിത്തീരും. അല്ലാഹു സ്വയം വിശേഷിപ്പിച്ച കാര്യങ്ങളിലോ റസൂൽ വിശേഷിപ്പിച്ചവയിലോ യാതൊരുവിധത്തിലുമുള്ള സദൃശ്യപ്പെടുത്തലും ഇല്ല. പ്രസ്തുത വിഷയത്തിൽ വന്ന ആയത്തുകളിലും സ്വഹീഹായ ഹദീസുകളിലും അല്ലാഹുവിന് യോജിക്കുന്ന വിധത്തിൽ വിശ്വസിക്കുകയും ന്യൂനതകളിൽ നിന്ന് പരിശുദ്ധപെടുത്തുകയും ചെയ്താൽ അവൻ സന്മാർഗത്തിലാണ്'' (ഇബ്നു കസീർ 2/205).

ചുരുക്കത്തിൽ പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടതിനനുസരിച്ച് അല്ലാഹുവിന്റെ നാമഗുണ വിശേഷണങ്ങളിലെ വിശ്വാസത്തെ സ്ഥിരപ്പെടുത്തുക എന്നതാണ് നാം സ്വീകരിക്കേണ്ടത് എന്ന് വ്യക്തം.

കേരളത്തിലെ സലഫി പണ്ഡിതന്മാരും ഈ നിലപാടുതന്നെയാണ് സ്വീകരിച്ചുപോന്നത്. സൂറതുശ്ശൂറയുടെ 11ാമത്തെ വചനം വിവരിക്കവെ അമാനി മൗലവി(റഹി) എഴുതുന്നു:

"ഇസ്‌ലാമിക വിശ്വാസത്തിൽ മൗലിക പ്രധാനമായ ഒരു തത്ത്വമാണ് അവനെപ്പോലെ ഒരു വസ്തുവും ഇല്ല എന്ന വാക്യം. അല്ലാഹുവിന്റെ പരിശുദ്ധ സത്തയിലാകട്ടെ ഉൽകൃഷ്ട ഗുണങ്ങളിൽ ആകട്ടെ പ്രവർത്തനങ്ങളിൽ ആകട്ടെ അധികാര അവകാശങ്ങളിലാകട്ടെ അവനെപ്പോലെ, അവനു തുല്യമായോ കിടയൊത്തോ യാതൊന്നും തന്നെയില്ല. ഇതിൽ ഏതെങ്കിലും ഒന്നിൽ അവനോട് തുല്യതയോ സമത്വമോ കൽപിക്കുന്നതിനാണ് ശിർക്ക് (പങ്കുചേർക്കൽ അഥവാ ബഹുദൈവവിശ്വാസം) എന്നു പറയുന്നത്. അതുകൊണ്ടു തന്നെ സൃഷ്ടികളെ സംബന്ധിച്ച് ഉപയോഗിക്കപ്പെടാറുള്ള ഏതെങ്കിലും നാമങ്ങളോ ക്രിയാ വിശേഷണങ്ങളോ അല്ലാഹുവിനോട് ബന്ധപ്പെടുത്തിക്കൊണ്ട് ക്വുർആനിലോ ഹദീസിലോ ഉപയോഗിച്ച്

**സച്ചരിതരായ മുൻഗാമികൾ വിശ്വസിച്ച രീതിയിലാണ് നാമും അല്ലാഹുവിൻെറ അത്യുന്നത നാമങ്ങളെയും ഉൽകൃഷ്ട വിശേഷണങ്ങളെയും സ്ഥിരപ്പെടുത്തേണ്ടത്. അതല്ലാതെ കേവല യുക്തിയുടെയും ബുദ്ധിയുടെയും അടിസ്ഥാനത്തിലല്ല. വ്യതിചലനത്തിലേക്കുള്ള വാതായാനങ്ങളെ നാം കരുതിയിരിക്കുകയും വേണം. കാരണം അല്ലാഹുവിന്റെ നാമങ്ങളിലും വിശേഷണങ്ങളിലും ശരിയായ രീതിയിൽ വിശ്വസിക്കാത്തവരെ ശക്തമായ ഭാഷയിൽ അല്ലാഹു താക്കീത് ചെയ്യുന്നുണ്ട്. അല്ലാഹു പറയുന്നു: "അല്ലാഹുവിന് ഏറ്റവും നല്ല നാമങ്ങളുണ്ട്. അതുകൊണ്ട് നിങ്ങൾ അവനോട് പ്രാർഥിച്ചുകൊള്ളുക. അവന്റെ നാമങ്ങളിൽ കൃത്രിമം കാണിക്കുന്നവരെ നിങ്ങൾ വിട്ടേക്കുക. അവർ ചെയ്തു വരുന്നതിന്റെ ഫലം അവർക്ക് വഴിയെ നൽകപ്പെടും''** (7:180).




കണ്ടാൽതന്നെയും അത് ഭാഷയുടെയും വാച്യാർഥത്തിന്റെയും അടിസ്ഥാനത്തിൽ മാത്രം പറയപ്പെടുന്നതാണെന്നും ഉദ്ദേശത്തിലും യഥാർഥത്തിലും അവ വ്യത്യസ്തമായിരിക്കുമെന്നും മനസ്സിലാക്കേണ്ടതാണ്" (തഫ്സീറു അമാനി).

എ.പി.അബ്ദുൽ ഖാദിർ മൗലവി(റഹി) ഒരു ചോദ്യത്തിന് മറുപടിയായി പറയുന്നത് കാണുക:

"അല്ലാഹുവിന്റെ നാമങ്ങളിലും വിശേഷണങ്ങളിലും വിശ്വസിക്കുന്നതിൽ രണ്ടുരീതി സ്വീകരിക്കപ്പെട്ടു വരുന്നു. പൂർവിക സജ്ജനങ്ങളുടെയും എക്കാലത്തെയും മുസ്‌ലിം സാധാരണക്കാരുടെയും രീതിയാണ് ഒന്ന്. പിൽക്കാല പണ്ഡിതന്മാരിൽ ഒരു വിഭാഗത്തിന്റെ രീതിയാണ് മറ്റൊന്ന്.

അൽമനാർ ലേഖനത്തിൽ പറഞ്ഞപോലെ അല്ലാഹുവിനെയും അവന്റെ നാമങ്ങളെയും സ്വിഫത്തുകളെയും എന്നുവേണ്ട വിശ്വാസങ്ങളെ പറ്റിയെല്ലാംതന്നെ വിശുദ്ധ ക്വുർആനിലും സ്വഹീഹായ ഹദീസുകളിലും വന്നപോലെ സ്വന്തം നിലയ്ക്കുള്ള വ്യാഖ്യാനങ്ങൾ ഒന്നും നൽകാതെ അവയുടെ അവതരണ അവസരത്തിൽ അറിയപ്പെട്ടിരുന്ന അർഥത്തിൽ തന്നെ സ്വീകരിച്ചു വിശ്വസിക്കുക എന്നതാണ് ഒന്നാമത്തെ രീതി. അത്തരം ആയത്തുകൾ, ഹദീസുകൾ എന്നിവയിൽ പലതിനും ദുർവ്യാഖ്യാനങ്ങൾ നൽകി അതിൽപടി വിശ്വസിക്കുക എന്നതാണ് രണ്ടാമത്തെ രീതി.

ആദ്യം പറഞ്ഞ രീതിയാണ് ആദ്യത്തെ മൂന്ന് തലമുറകളും നബി(സ്വ)യും സ്വഹാബികളും താബിഈങ്ങളും സ്വീകരിച്ചുവന്നത്. അന്നും അതിനുശേഷമുള്ള മുസ്‌ലിം സജ്ജനങ്ങളും അങ്ങനെ തന്നെ. അവർക്ക് വ്യാഖ്യാനങ്ങളിലൊന്നും വലിയ പിടിപാടോ താൽപര്യമോ ഇല്ല" (ചോദ്യവും മറുപടിയും, 1/69-70).

ചുരുക്കത്തിൽ സച്ചരിതരായ മുൻഗാമികൾ വിശ്വസിച്ച രീതിയിലാണ് നാമും അല്ലാഹുവിൻെറ അത്യുന്നതനാമങ്ങളെയും ഉൽകൃഷ്ട വിശേഷണങ്ങളെയും സ്ഥിരപ്പെടുത്തേണ്ടത്. അതല്ലാതെ കേവല യുക്തിയുടെയും ബുദ്ധിയുടെയും അടിസ്ഥാനത്തിലല്ല. വ്യതിചലനത്തിലേക്കുള്ള വാതായാനങ്ങളെ നാം കരുതിയിരിക്കുകയും വേണം. കാരണം അല്ലാഹുവിന്റെ നാമങ്ങളിലും വിശേഷണങ്ങളിലും ശരിയായ രീതിയിൽ വിശ്വസിക്കാത്തവരെ ശക്തമായ ഭാഷയിൽ അല്ലാഹു താക്കീത് ചെയ്യുന്നുണ്ട്. അല്ലാഹു പറയുന്നു:

"അല്ലാഹുവിന് ഏറ്റവും നല്ല നാമങ്ങളുണ്ട്. അതുകൊണ്ട് നിങ്ങൾ അവനോട് പ്രാർഥിച്ചുകൊള്ളുക. അവന്റെ നാമങ്ങളിൽ കൃത്രിമം കാണിക്കുന്നവരെ നിങ്ങൾ വിട്ടേക്കുക. അവർ ചെയ്തുവരുന്നതിന്റെ ഫലം അവർക്ക് വഴിയെ നൽകപ്പെടും" (7:180).

അല്ലാഹുവിന്റെ നാമങ്ങളിലും വിശേഷണങ്ങളിലും കൃത്രിമം കാണിക്കുക എന്നതിന്റെ വിവക്ഷ ഇമാം സഅദി വിവരിക്കുന്നു:

"ഇൽഹാദിന്റെ ശരിയായ വിവക്ഷ യഥാർഥ രൂപത്തിൽനിന്ന് വ്യതിചലിക്കുക എന്നതാണ്. അത് ബഹുദൈവാരാധകർ തങ്ങളുടെ ആരാധ്യൻമാർക്ക് പേര് നൽകിയതുപോലെ അർഹരല്ലാത്തവർക്ക് (അല്ലാഹുവിന് പുറമെയുള്ളവർക്ക്) നാമകരണം നടത്തിയോ അവയുടെ അർഥങ്ങളെ നിരാകരിച്ചു കൊണ്ടോ അവയിൽ മാറ്റത്തിരുത്തലുകൾ നടത്തി അല്ലാഹുവും റസൂലും ഉദ്ദേശിക്കാത്ത അർഥം നൽകിക്കൊണ്ടോ മറ്റുള്ളവരോട് അല്ലാഹുവിന്റെ നാമവിശേഷണങ്ങളെ സാദൃശ്യപ്പെടുത്തിക്കൊണ്ടോ ആകും" (തഫ്സീറുസ്സഅദി 180). അതുകൊണ്ട് ഈ രംഗത്ത് സച്ചരിതരുടെ പാതയിൽ തന്നെ ഉറച്ചുനിൽക്കാൻ നാം ശ്രദ്ധിക്കേണ്ടതുണ്ട്.



അഭിമുഖം

# ഇസ്‌ലാം: പ്രബോധനം, പ്രസ്ഥാനം ചില സമകാലിക ചിന്തകൾ

ടി.കെ.അശ്‌റഫ് / ഉസ്മാൻ പാലക്കാഴി

**ഉള്ളുലയ്ക്കുന്ന പ്രശ്നങ്ങളിലൂടെയാണ് സമുദായം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. ക്രാന്തദർശിത്വത്തോടെ അജണ്ടകൾ നിശ്ചയിക്കുകയും കാഴ്ചപ്പാടോടുകൂടി പ്രവർത്തനങ്ങൾ ഏകീകരിക്കുകയും നിലപാടുകളിൽ കണിശത പുലർത്തുകയും ചെയ്താൽ മാത്രമെ സത്യാനന്തര കാലത്ത് അതിജീവിക്കാൻ കഴിയൂ. നാരും വേരും തിരിച്ചറിയാതെയുള്ള നിലപാടുകൾ - മത സംഘടനകളോടായാലും രാഷ്ട്രീയ കക്ഷികളോടായാലും - ദോഷം മാത്രമെ വരുത്തിവെക്കൂ. സംഘടനയെ കുറിച്ച്, സമുദായത്തെ കുറിച്ച്, സമൂഹത്തെ കുറിച്ച്, രാജ്യത്തെ കുറിച്ചുള്ള ആകുലതകളും പ്രതീക്ഷകളും തുറന്നുപറയുന്നു.**

*? മതവും മതവിശ്വാസികളും ചോദ്യം ചെയ്യപ്പെടുകയും (വിശിഷ്യാ ഇസ്‌ലാമും മുസ്‌ലിംകളും) യുക്തിവാദ-നിരീശ്വര പ്രസ്ഥാനങ്ങൾക്ക് സ്വീകാര്യത വർധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു എന്ന അവസ്ഥ കേരളത്തിൽ സംജാതമായിട്ടുണ്ടോ?*

! മുഹമ്മദ് നബി(സ്വ) ഇസ്‌ലാമിക പ്രബോധനം ആരംഭിച്ച് ഏറെ വൈകാതെ തന്നെ അദ്ദേഹവും ഇസ്‌ലാമും മുസ്‌ലിംകളും വിമർശനത്തിനു വിധേയമായിത്തുടങ്ങിയതാണ്. അത് ഇന്നും തുടരുന്നുണ്ട്. ഇനിയും വിമർശിക്കപ്പെട്ടുകൊണ്ടേയിരിക്കും. അതിൽ പാശ്ചാത്യ-പൗരസ്ത്യ വ്യത്യാസമില്ല. പ്രവാചകനെ വ്യക്തിഹത്യ നടത്തുവാനും വിശുദ്ധ ക്വുർആൻ അക്രമത്തിനു പ്രോത്സാഹിപ്പിക്കുന്നു എന്ന് പ്രചരിപ്പിക്കുവാനും ഇസ്‌ലാം പ്രചരിച്ചത് വാളുകൊണ്ടാണ് എന്ന് സമർഥിക്കാനുമൊക്കെയുള്ള ശ്രമങ്ങൾ ലോകവ്യാപകമായി നടന്നിട്ടുണ്ട്. ഇപ്പോഴും നടക്കുന്നുണ്ട്.

യുക്തിവാദവും നിരീശ്വരവാദവുമെല്ലാം കേരളത്തിൽ ചർച്ച ചെയ്യാൻ തുടങ്ങിയിട്ട് കാലമേറെയായി. എന്നാൽ ഇന്ന് നേരിട്ട് നിരീശ്വരവാദത്തിലേക്ക് ആളുകളെ ആകർഷിക്കുന്നതിന് പകരം ലിബറലിസത്തിന്റെയും സ്വതന്ത്ര ചിന്തയുടെയും മറവിൽ മതനിരാസം ഒളിച്ചുകടത്തുകയാണ് ചെയ്യുന്നത്. പുതിയ തലമുറയുടെ ഇഷ്ടങ്ങൾ യഥേഷ്ടം അനുവദിക്കുകയും അതിൽ ആകൃഷ്ടരായ ശേഷം അതിനെതിരെ നിൽക്കുന്നത് മതമൂല്യങ്ങൾ മാത്രമാണെന്ന് കരുതുകയും ചെയ്യുമ്പോൾ, തന്റെ സ്വാതന്ത്ര്യത്തിന് പുറംതിരിഞ്ഞു നിൽക്കുന്നത് മതമാണെങ്കിൽ അതെനിക്ക് വേണ്ടതില്ലെന്ന ചിന്തയിലേക്ക് പുതുതലമുറ എത്തിച്ചേരുന്നു. സാമൂഹ്യ മാധ്യമങ്ങൾ വ്യാപകമായപ്പോൾ മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ ആളുകളിലേക്ക് പുരോഗമനത്തിന്റെ പുതപ്പു പുതച്ച് നിരീശ്വരവാദം കടന്നുവരുന്നുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്.

കേരളത്തിൽ ഇക്കാര്യത്തിൽ സംഘപരിവാർ-യുക്തിവാദി കൂട്ടുകെട്ടാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഇസ്‌ലാമിനെ വിമർശിക്കുന്ന യുക്തിവാദികളുടെ ലേഖനം സംഘപരിവാറിന്റെ പത്രമാസികകളിൽ പ്രസിദ്ധീകരിക്കുന്നു എന്നത് അവർ തമ്മിലുള്ള അവിഹിത ബന്ധം വ്യക്തമാക്കുന്നു. കാശ്മീരിന്റെ പ്രത്യേക പദവി എടുത്തു കളയൽ, ഏകീകൃത സിവിൽകോഡ് തുടങ്ങിയ ആർ.എസ്.എസ് അജണ്ടകളെ ഏറ്റെടുത്തവരാണ് യുക്തിവാദികൾ.

*? എക്സ് മുസ്‌ലിം എന്ന പേരിൽ അറിയപ്പെടാനാണ് ചില യുക്തിവാദികൾ ആഗ്രഹിക്കുന്നത്. എന്തായിരിക്കും അതിനുപിന്നിലുള്ള ചേതോവികാരം?*

! കേരളത്തിൽ ഹിന്ദുമതത്തിൽനിന്നും ക്രിസ്തുമതത്തിൽനിന്നുമൊക്കെ യുക്തിവാദ-നിരീശ്വര



വാദ പ്രസ്ഥാനങ്ങളിലേക്ക് പോയവരുണ്ട്. അവരാരുംതന്നെ എക്സ് ഹിന്ദു, എക്സ് ക്രിസ്ത്യൻ എന്ന പേരിൽ എഴുതുകയോ പ്രസംഗിക്കുകയോ അറിയപ്പെടുകയോ ചെയ്യുന്നില്ല. എന്നാൽ എക്സ് മുസ്‌ലിം എന്ന പേരിൽ പലരും രംഗത്ത് സജീവമാണ്. വാസ്തവത്തിൽ ഇസ് ലാം വെടിഞ്ഞ് യുക്തിവാദത്തിലേക്ക് വന്നവരെ മറ്റു യുക്തിവാദികൾ ഒരു കീഴാള യുക്തിവാദികളായാണ് പരിഗണിക്കുന്നത്. മുസ്‌ലിം കുടുംബത്തിൽ ജനിച്ചു വളർന്ന ഒരാൾ മദ്റസയിൽനിന്നെങ്കിലും ഇസ്‌ലാമിന്റെ ബാലപാഠം മനസ്സിലാക്കിയിട്ടുണ്ടാകും. അറബി എഴുതാനും വായിക്കാനും പഠിച്ചിട്ടുണ്ടാകും. പള്ളിദർസിലോ അറബിക്കോളേജിലോ പഠിച്ചയാളാണെങ്കിൽ ക്വുർആനും ഹദീസും ചരിത്രവുമൊക്കെ അൽപം വശമുണ്ടാകും. അത് ഉപയോഗിച്ച് അഥവാ ക്വുർആൻ സൂക്തങ്ങളും പ്രവാചകവചനങ്ങളുമൊക്കെ ഉദ്ധരിച്ച് ദുർവ്യാഖ്യാനിച്ച് മുസ്‌ലിംകൾക്കിടയിൽ അവരുടെ മതത്തെക്കുറിച്ച് അവമതിപ്പുണ്ടാക്കുവാനും അവരെ മതം വലിച്ചെറിഞ്ഞ് യുക്തിവാദത്തിലേക്ക് വലിച്ചിഴക്കാനുമുള്ള കൊണ്ടുപിടിച്ച ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട് എന്നത് ശരിയാണ്. അപൂർവം ചിലർ അതിലേക്ക് ആകൃഷ്ടരാകുന്നുമുണ്ട്. എന്നാൽ യുക്തിവാദികൾ ആഗ്രഹിക്കുന്നതുപോലുള്ളൊരു ഒഴുക്ക് മുസ്‌ലിംകൾക്കിടയിൽനിന്ന് യുക്തിവാദത്തിലേക്ക് ഉണ്ടായിട്ടില്ല, ഉണ്ടാവുകയുമില്ല.

? *മുസ്‌ലിം യുവതയെ മതവിരോധികളാക്കി മാറ്റുക എന്നത് ലക്ഷ്യമാക്കിക്കൊണ്ട് യുക്തിവാദികൾ രംഗത്ത് സജീവമാണ് എന്ന് താങ്കൾ സൂചിപ്പിച്ചു. ഇതിനെ പ്രതിരോധിക്കുന്നതിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്?*

! വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ഒരു ഇസ്‌ലാ

**വാസ്തവത്തിൽ ഇസ് ലാം വെടിഞ്ഞ് യുക്തിവാദത്തിലേക്ക് വന്നവരെ മറ്റു യുക്തിവാദികൾ ഒരു കീഴാള യുക്തിവാദികളായാണ് പരിഗണിക്കുന്നത്. മുസ്‌ലിം കുടുംബത്തിൽ ജനിച്ചു വളർന്ന ഒരാൾ മദ്റസയിൽ നിന്നെങ്കിലും ഇസ്‌ലാമിന്റെ ബാലപാഠം മനസ്സിലാക്കിയിട്ടുണ്ടാകും. അറബി എഴുതാനും വായിക്കാനും പഠിച്ചിട്ടുണ്ടാകും. പള്ളി ദർസിലോ അറബിക്കോളേജിലോ പഠിച്ചയാളാണെങ്കിൽ ക്വുർആനും ഹദീസും ചരിത്രവുമൊക്കെ അൽപം വശമുണ്ടാകും. അത് ഉപയോഗിച്ച് അഥവാ ക്വുർആൻ സൂക്തങ്ങളും പ്രവാചക വചനങ്ങളുമൊക്കെ ഉദ്ധരിച്ച് ദുർവ്യാഖ്യാനിച്ച് മുസ്‌ലിംകൾക്കിടയിൽ അവരുടെ മതത്തെക്കുറിച്ച് അവമതിപ്പുണ്ടാക്കുവാനും അവരെ മതം വലിച്ചെറിഞ്ഞ് യുക്തിവാദത്തിലേക്ക് വലിച്ചിഴക്കാനുമുള്ള കൊണ്ടുപിടിച്ച ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട് എന്നത് ശരിയാണ്. അപൂർവം ചിലർ അതിലേക്ക് ആകൃഷ്ടരാകുന്നുമുണ്ട്. എന്നാൽ യുക്തിവാദികൾ ആഗ്രഹിക്കുന്നതു പോലുള്ളൊരു ഒഴുക്ക് മുസ്‌ലിംകൾക്കിടയിൽനിന്ന് യുക്തി വാദത്തിലേക്ക് ഉണ്ടായിട്ടില്ല, ഉണ്ടാവുകയുമില്ല.**

**വിസ്ഡം യൂത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്ന 'ഡയലോഗ്' എന്ന പ്രോഗ്രാം ഭൗതികത, നിരീശ്വരവാദം, യുക്തിവാദം, ലിബറലിസം, പുരോഗമനം എന്നീ പരസ്പരബന്ധിതമായ ആശയങ്ങളുടെ അടിത്തറയിളക്കുന്ന ധൈഷണിക മുന്നേറ്റമാണ്. 'മുഹമ്മദ് നബി (സ്വ): കുടുംബം, ധാർമികത,' 'വിശുദ്ധ ക്വുർആൻ: ദൈവികം, കാലികം,' 'ഇസ്‌ലാമോഫോബിയ: വെറുപ്പിന്റെ വ്യാപാരം,' 'ജിഹാദ്: ഒരു ഭീകരകഥയല്ല,' 'ഹദീസ്: അജയ്യം, അന്യൂനം,' 'പുരോഗമന നാട്യങ്ങൾ; ഒരു പൊളിച്ചെഴുത്ത്' എന്നീ വിഷയങ്ങളിൽ ഇതിനകം ഡയലോഗ് സംഘടിപ്പിച്ചു കഴിഞ്ഞു. ഡയലോഗ് ഉയർത്തിയ ആശയങ്ങളെ വസ്തുനിഷ്ഠമായി ചോദ്യംചെയ്യാൻ നിരീശ്വരവാദികൾക്ക് ഇന്നുവരെ സാധിച്ചിട്ടില്ല. ധാരാളം വിദ്യാർഥി-യുവജനങ്ങളെ ഈ പ്രോഗ്രാമിലൂടെ വിശ്വാസത്തിലേക്ക് തിരിച്ചു വിളിക്കാനും സാധിച്ചിട്ടുണ്ട്-**

മിക സംഘടന എന്ന നിലയിൽ, ഇസ്‌ലാമിക പ്രമാണങ്ങൾക്കനുസൃതമായി സർവതലസ്പർശിയായ പ്രബോധന പ്രവർത്തനങ്ങൾ നടത്തുന്നതിൽ വ്യാപൃതമാണ്. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷനും അതിന്റെ പോഷക ഘടകങ്ങളും പുതിയകാലത്ത് ലിബറലിസം വരുന്ന വഴികൾ തിരിച്ചറിഞ്ഞ് അതിനെ വേരോടെ പിഴുതെടുക്കാനാവശ്യമായ ബഹുമുഖങ്ങളായ പ്രവർത്തനങ്ങളുമായി മുന്നോട്ട് ഗമിക്കുകയാണ്. വിസ്ഡം യൂത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്ന 'ഡയലോഗ്' എന്ന പ്രോഗ്രാം ഭൗതികത, നിരീശ്വരവാദം, യുക്തിവാദം, ലിബറലിസം, പുരോഗമനം എന്നീ പരസ്പരബന്ധിതമായ ആശയങ്ങളുടെ അടിത്തറയിളക്കുന്ന ധൈഷണിക മുന്നേറ്റമാണ്. 'മുഹമ്മദ് നബി (സ്വ): കുടുംബം, ധാർമികത,' 'വിശുദ്ധ ക്വുർആൻ: ദൈവികം, കാലികം,' 'ഇസ്‌ലാമോഫോബിയ: വെറുപ്പിന്റെ വ്യാപാരം,' 'ജിഹാദ്: ഒരു ഭീകരകഥയല്ല,' 'ഹദീസ്: അജയ്യം, അന്യൂനം,' 'പുരോഗമന നാട്യങ്ങൾ; ഒരു പൊളിച്ചെഴുത്ത്' എന്നീ വിഷയങ്ങളിൽ ഇതിനകം ഡയലോഗ് സംഘടിപ്പിച്ചു കഴിഞ്ഞു. ഡയലോഗ് ഉയർത്തിയ ആശയങ്ങളെ വസ്തുനിഷ്ഠമായി ചോദ്യംചെയ്യാൻ നിരീശ്വരവാദികൾക്ക് ഇന്നുവരെ സാധിച്ചിട്ടില്ല. ധാരാളം വിദ്യാർഥി-യുവജനങ്ങളെ ഈ പ്രോഗ്രാമിലൂടെ വിശ്വാസത്തിലേക്ക് തിരിച്ചു വിളിക്കാനും സാധിച്ചിട്ടുണ്ട്- അൽഹംദുലില്ലാഹ്. നേർപഥം വാരികയിലൂടെയും പീസ് റേഡിയോയിലൂടെയുമൊക്കെ യുക്തിവാദികളുടെ യുക്തിരഹിത വാദങ്ങൾക്ക് ആവശ്യാനുസരണം മറുപടി നൽകുന്നുണ്ട്.

*? മുസ്‌ലിം സംഘടനകൾക്കിടയിലെ പിളർപ്പ് ചൂണ്ടിക്കാട്ടി മതത്തിലൊന്നുംയാതൊരു കഴമ്പുമില്ലെന്നും നേതാക്കളും പണ്ഡിതന്മാരും മതത്തിന്റെ നേട്ടം പറഞ്ഞ് അണികളെ പിടിച്ചു നിറുത്തുന്നത് അവരുടെ ഭൗതികതാൽപര്യങ്ങൾക്കായിട്ടാണെന്നും പറഞ്ഞ് യുവാക്കളെ മതനിരാസത്തിലേക്ക് ക്ഷണിക്കുന്നുണ്ട്. ഇതിനെക്കുറിച്ച് എന്ത് പറയുന്നു?*

! ഒരു സംഘടന എന്നത് കുറെ ആളുകളുടെ കൂട്ടായ്മയാണ്. അഭിപ്രായവ്യത്യാസങ്ങൾ സ്വാഭാവികമാണ്. നേതൃത്വത്തിന്റെ കെടുകാര്യസ്ഥത കൊണ്ടും അധികാരമോഹംകൊണ്ടും ആദർശവ്യതിയാനം കൊണ്ടുമൊക്കെ സംഘനകളിൽ പിളർപ്പുണ്ടായേക്കാം. അതിൽ മത സംഘടനകളും രാഷ്ട്രീയ പാർട്ടികളും പെടും. ബുദ്ധിയും ചിന്താശേഷിയുമുള്ള ആളുകളാരും ഒരു സംഘടന പിളർന്നു എന്നതുകൊണ്ട് മാത്രം മതം വിട്ടുപോകില്ല. കേരളത്തിലെ യുക്തിവാദികളുടെ അവസ്ഥയെന്താണ്? അവർ എത്ര ഗ്രൂപ്പുകളായി പിളർന്നിട്ടുണ്ട് എന്നറിയാമോ? സംഘടനയിലെ പിളർപ്പ് ഒരു തത്ത്വശാസ്ത്രത്തിന്റെ പോരായ്മയാണെന്നാണ് വാദമെങ്കിൽ പല ഗ്രൂപ്പുകളായി പ്രവർത്തിക്കുന്ന തങ്ങളുടെ തത്ത്വശാസ്ത്രവും ശരിയല്ലെന്ന് അവർതന്നെ സമ്മതിക്കുകയല്ലേ?

വാസ്തവത്തിൽ യുക്തിവാദികൾക്ക് സ്വന്തമായി ഒരു തത്ത്വശാസ്ത്രമോ ആചാര്യനോ ഇല്ല. വ്യക്തികേന്ദ്രിതമായ ചില ആശയങ്ങളിലൂടെ വികാസം പ്രാപിച്ചുവന്ന വികലമായ ചിതറിയ ചിന്തകൾ യുക്തിവാദത്തിന്റെ മേൽവിലാസത്തിൽ അറിയപ്പെടുകയാണുണ്ടായത് എന്നു കാണാം. ആദ്യം മുതൽക്കു തന്നെ നിലനിൽക്കുന്ന ഈ പ്രശ്നമാണ് കേരളത്തിലെ യുക്തിവാദത്തെ എന്നും അഭ്യന്തരമായും ബാഹ്യമായും ശിഥിലീകരിച്ചുകൊണ്ടിരുന്നത്.

സംഘടനാ സംവിധാനത്തെ അംഗീകരിക്കുന്നവരും സ്വതന്ത്ര നിലപാടുകളെ പിന്തുടരുന്നവരും രാഷ്ട്രീയ ഇടപെടലുകൾ ആവശ്യപ്പെടുന്നവരും അരാഷ്ട്രീയ മുഖമായ പിന്തുടരുന്നവരുമായി കേരളത്തിലെ യുക്തിവാദികൾ ചേരിതിരിഞ്ഞിരിക്കുന്നതിന്റെ ഉത്തരവാദിത്തം മതത്തിന്റെ തലയിൽ ഇവർ കെട്ടിവെക്കുമോ? വ്യക്തിനിഷ്ഠമായ കാരണങ്ങളാൽ മതത്തോടും സാമൂഹ്യചിന്തകളോടും പുറംതിരിഞ്ഞു നിന്നവർ സ്വതന്ത്ര ചിന്തയുടെയും മതനിഷേധത്തിന്റെയും ചില പാശ്ചാത്യ

ആശയധാരകളുടെയും സഹായത്തോടെ സ്വീകരിച്ചുവന്ന നിലപാടുകൾക്ക് യുക്തിവാദം എന്ന് വിളിച്ചു എന്ന് പറയുന്നതാണ് ശരി.

സ്വന്തം ദൗർബല്യങ്ങൾ വിസ്മരിച്ചുകൊണ്ട് മതങ്ങൾക്കുനേരെ, വിശിഷ്യാ ഇസ്‌ലാമിനു നേരെ വിമർശനങ്ങൾ തൊടുത്തുവിടുന്നതിൽ യുക്തിവാദി ഗ്രൂപ്പുകൾ മത്സരിക്കുന്ന കാഴ്ചയാണ് ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്.

*? മതം പഠിപ്പിക്കുന്ന ധാർമിക മൂല്യങ്ങളെ പരിഹസിക്കുന്ന യുക്തിവാദികൾ അവകാശപ്പെടാറുള്ളത് യുക്തിബോധത്തിൽനിന്ന് ഉടലെടുക്കുന്നതെല്ലാം സദാചാരമാണെന്നാണ്. ഇതിനെക്കുറിച്ച് എന്തു പറയുന്നു?*

! യുക്തിവാദികളുടെ ഈ ആശയം സമൂഹം ഉൾക്കൊണ്ടാൽ എന്തായിരിക്കും ലോകത്തിന്റെ അവസ്ഥ? മനുഷ്യർ ഒന്നാവുമോ? തമ്മിൽതല്ലി മരിക്കുമോ? അമ്മയെ തല്ലുന്നവനും മക്കളെ കൊല്ലുന്നവനും തന്റെ യുക്തിബോധത്തിന്റെ അടിസ്ഥാനത്തിലാണതു ചെയ്തതെന്നും അത് യുക്തിവാദ സദാചാരമാണെന്നും പറയാമല്ലോ!

ഒരു യുക്തിവാദിക്ക് സദാചാരമെന്നു തോന്നുന്നത് മറ്റൊരു യുക്തിവാദിക്ക് സദാചാരവിരുദ്ധമായി തോന്നാനും സാധ്യതയില്ലേ? സദാചാരം കാത്തുസൂക്ഷിച്ചാൽ 'തിന്നുക, കുടിക്കുക, രമിക്കുക' എന്ന ഭൗതികവാദ മുദ്രാവാക്യം വെള്ളത്തിലലിയില്ലേ?

**ജനസംഖ്യാ നിയന്ത്രണം എടുത്തൊഴിവാക്കിയതുപോലെ, വലിയ സാമൂഹിക പ്രത്യാഘാതങ്ങൾ സംഭവിച്ചശേഷം പഴയതിലേക്കുതന്നെ തിരിച്ചുവരും. അപ്പോഴേക്കും ഒരു തലമുറ ഇതിന്റെ പ്രത്യാഘാതങ്ങൾ അനുഭവിച്ചിരിക്കും. മതരഹിതസമൂഹം മിശ്രവിവാഹത്തിലൂടെ മാത്രമെ സാധ്യമാകൂ എന്നും ലൈംഗികബന്ധത്തിന് വിവാഹം തന്നെ ആവശ്യമില്ലെന്നും ഇനി ആവശ്യമെങ്കിൽ അത് ഒരേ മതത്തിൽ നിന്നുതന്നെ വേണമെന്നില്ലെന്നും അവസാനം ആണും പെണ്ണും തമ്മിൽ തന്നെ ആവണമെന്നുമില്ലെന്നുള്ള അവസ്ഥയിലേക്കാണ് പുതിയ തലമുറയെ എത്തിക്കുന്നത്. ഒരുഭാഗത്ത് ഫാസിസം ശക്തിയാർജിക്കുമ്പോൾ, അതിൽനിന്ന് രക്ഷപ്പെടുത്താൻ ഞങ്ങൾ മാത്രമേയുള്ളൂ എന്ന പ്രതീതിയുണ്ടാക്കി, സ്വതന്ത്രതാവാദത്തിന്റെ വക്താക്കളാക്കി, ക്രമേണ മതവിരുദ്ധ മനോഭാവമുള്ള തലമുറയെ സൃഷ്ടിച്ചെടുക്കുകയാണ് കേരളത്തിൽ ചെയ്തുകൊണ്ടിരിക്കുന്നത്**

*? ജെൻഡർ ന്യൂട്രാലിറ്റി ഏറെ ചർച്ചചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന വിഷയമാണല്ലോ. പാശ്ചാത്യൻ നാടുകളിലെ കുത്തഴിഞ്ഞ ജീവിതരീതി സാംസ്കാരിക കേരളത്തിലും നട്ടുപിടിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ഇതിനെ കാണാമോ?*

! തീർച്ചയായും, അതിനുള്ള ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. 'ജെൻഡർ ന്യൂട്രാലിറ്റി' എന്നത് ഒരു യൂണിഫോം പ്രശ്നം മാത്രമല്ല. സാമൂഹ്യഘടനയിൽ വരുത്താൻ ഉദ്ദേശിക്കുന്ന അപകടകരമായ മാറ്റമാണ്. ഇത് ഇന്ന് കേരളത്തിൽ മാത്രം നടക്കുന്ന ഒറ്റപ്പെട്ട കാര്യമല്ല. ആഗോളതലത്തിൽ തന്നെ ഒരു പാടധികം ചർച്ച ചെയ്യപ്പെട്ട വിഷയമാണ്. എതിർ വർഗ ലൈംഗിക സ്വാഭാവികത (heteronormativtiy) യെ തകർത്ത് homosexualtiyയെ നോർമൽ ആക്കുന്നതിലേക്കുള്ള ചുവടുമാറ്റം, യഥാർഥത്തിൽ അടുത്ത തലമുറയെ കടുത്ത പരീക്ഷണത്തിലേക്ക് എറിഞ്ഞു കൊടുക്കലാണ്. ജനസംഖ്യാ നിയന്ത്രണം എടുത്തൊഴിവാക്കിയതുപോലെ, വലിയ സാമൂഹിക പ്രത്യാഘാതങ്ങൾ സംഭവിച്ചശേഷം പഴയതിലേക്കുതന്നെ തിരിച്ചുവരും. അപ്പോഴേക്കും ഒരു തലമുറ ഇതിന്റെ പ്രത്യാഘാതങ്ങൾ അനുഭവിച്ചിരിക്കും. മതരഹിതസമൂഹം മിശ്രവിവാഹത്തിലൂടെ മാത്രമെ സാധ്യമാകൂ എന്നും ലൈംഗിക ബന്ധത്തിന് വിവാഹം തന്നെ ആവശ്യമില്ലെന്നും ഇനി ആവശ്യമെങ്കിൽ അത് ഒരേ മതത്തിൽ നിന്നുതന്നെ വേണമെന്നില്ലെന്നും അവസാനം ആണും പെണ്ണും തമ്മിൽ തന്നെ ആവണമെന്നുമില്ലെന്നുള്ള അവസ്ഥയിലേക്കാണ് പുതിയ തലമുറയെ എത്തിക്കുന്നത്. ഒരുഭാഗത്ത് ഫാസിസം ശക്തിയാർജിക്കുമ്പോൾ, അതിൽനിന്ന് രക്ഷപ്പെടുത്താൻ ഞങ്ങൾ മാത്രമേയുള്ളൂ എന്ന പ്രതീതിയു



**ആണിനെയും പെണ്ണിനെയും തിരിച്ചറിയാവുന്ന വസ്ത്രം എന്ന പ്രാഥമിക പരിഗണനപോലും ഇല്ലായ്മ ചെയ്യുന്നതാണ് Dress Neutrality. ഇതുകൊണ്ട് യാതൊരു നേട്ടവും ഉണ്ടാകുവാൻ പോകുന്നില്ല. സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും Girls Friendly toilet എങ്കിലും ഉറപ്പുവരുത്താനാണ് ഉത്തരവാദപ്പെട്ടവർ ആദ്യം ശ്രമിക്കേണ്ടത്. ഇരുന്ന് മൂത്രമൊഴിക്കാൻ പോലും കഴിയാത്ത ടൈറ്റ് ജീൻസ് കൗമാരപ്രായത്തിൽ ധരിക്കുന്നത് ആരോഗ്യത്തിന് ഹാനികരമാണെന്ന് പറഞ്ഞ ഒരു പ്രൊഫസറെ നിർത്തിപ്പൊരിച്ച മാധ്യമങ്ങൾ ഇന്ന് കംഫർട്ടിനെപ്പറ്റി വാചാലമാകുന്നു എന്നത് വിരോധാഭാസമാണ്.**

ണ്ടാക്കി, സ്വതന്ത്രതാവാദത്തിന്റെ വക്താക്കളാക്കി, ക്രമേണ മതവിരുദ്ധ മനോഭാവമുള്ള തലമുറയെ സൃഷ്ടിച്ചെടുക്കുകയാണ് കേരളത്തിൽ ചെയ്തുകൊണ്ടിരിക്കുന്നത്. ജെൻഡർ ന്യൂട്രൽ സംസ്കാരം നമ്മുടെ നാട്ടിലും വരുമോ എന്ന് ഗവേഷണം ചെയ്തു കണ്ടെത്തേണ്ട കാര്യമില്ല. ഇപ്പോൾ തന്നെ സംഭവിച്ചു കഴിഞ്ഞതാണ്. ഉദാ: ക്യാമ്പസുകളിൽ വർധിച്ചുവരുന്ന ഡി.ജെ പാർട്ടികൾ, സ്കൂളുകളിൽ പ്രത്യേക ദിവസങ്ങളിലെ ആഘോഷങ്ങൾ, രാത്രി ക്യാമ്പുകൾ, വിവാഹാഘോഷങ്ങളുടെ വഴിവിട്ട രീതികൾ ഇവയിലെല്ലാം നടന്നുകൊണ്ടിരിക്കുന്നത് പരിശോധിച്ചാൽ മാത്രം മതി.

ആൺ, പെൺ എന്ന ചിന്ത തന്നെ ഇല്ലാതാക്കി 'നപുംസക ലിംഗ' ബോധത്തിലേക്കു നയിക്കുന്നത് പുരോഗമനമാണെന്ന് ചിലർ സിദ്ധാന്തിക്കുന്നു. ക്ലാസ്സിൽ ഇരുവിഭാഗങ്ങൾക്കും പ്രത്യേകം ഇരിപ്പിടങ്ങൾ പാടില്ല, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരേ വസ്ത്രമായിരിക്കണം തുടങ്ങിയ ആവശ്യങ്ങൾ മുന്നോട്ടുവയ്ക്കുന്ന Gender Neutrality ചിന്തിക്കുന്ന സമൂഹത്തിനു ചേർന്നതല്ല. ആൺ-പെൺ സ്വത്വബോധം നിലനിർത്തിക്കൊണ്ടുതന്നെ ആരോഗ്യകരമായ സൗഹാർദാന്തരീക്ഷം നിലനിർത്തുകയാണ് കാമ്പസുകളിൽ ആവശ്യം. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഇരിപ്പിടം, പ്രത്യേകം ടോയ്‌ലറ്റ് സൗകര്യം, പ്രത്യേകം ഹോസ്റ്റലുകൾ തുടങ്ങിയ സംവിധാനങ്ങൾ മാറ്റപ്പെടേണ്ട പഴഞ്ചൻ ആശയങ്ങളല്ല. അത് ലിംഗപരമായ അനീതിയുമല്ല. എതിർലിംഗവുമായി അടുക്കുവാനുള്ള നൈസർഗികത്വര തീക്ഷ്ണമായേക്കാവുന്ന കൗമാരത്തിൽ അവരുടെ 'കംഫർട്ടിനു' വേണ്ടി അവരെ പാട്ടിനുവിടുക എന്നതല്ല വിവേകം. മുൻഗാമികൾ ചിന്തിച്ചു സംവിധാനിച്ച സന്തുലിത വിദ്യാലയാന്തരീക്ഷം അംഗീകരിക്കുകയാണ് വിവേകമതികൾ ചെയ്യേണ്ടത്.

? *സ്വത്വബോധത്തിന്റെ ബാഹ്യ പ്രകടനമാണല്ലോ വസ്ത്രം. ലോകചരിത്രത്തിൽ, സംസ്കൃതികളുടെ ചരിത്രത്തിൽ എവിടെയെങ്കിലും ആൺ-പെൺ വ്യത്യാസമില്ലാതെ ഒരേവസ്ത്രം ധരിക്കണമെന്ന ചിന്ത നിലനിന്നിട്ടുണ്ടോ?*

! ആണിനെയും പെണ്ണിനെയും തിരിച്ചറിയാവുന്ന വസ്ത്രം എന്ന പ്രാഥമിക പരിഗണനപോലും ഇല്ലായ്മ ചെയ്യുന്നതാണ് Dress Neutrality. ഇതുകൊണ്ട് യാതൊരു നേട്ടവും ഉണ്ടാകുവാൻ പോകുന്നില്ല. സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും Girls Friendly toilet എങ്കിലും ഉറപ്പുവരുത്താനാണ് ഉത്തരവാദപ്പെട്ടവർ ആദ്യം ശ്രമിക്കേണ്ടത്.

ഇരുന്ന് മൂത്രമൊഴിക്കാൻ പോലും കഴിയാത്ത ടൈറ്റ് ജീൻസ് കൗമാരപ്രായത്തിൽ ധരിക്കുന്നത് ആരോഗ്യത്തിന് ഹാനികരമാണെന്ന് പറഞ്ഞ ഒരു പ്രൊഫസറെ നിർത്തിപ്പൊരിച്ച മാധ്യമങ്ങൾ ഇന്ന് കംഫർട്ടിനെപ്പറ്റി വാചാലമാകുന്നു എന്നത് വിരോധാഭാസമാണ്.

? *രാജ്യത്ത് ഏകസിവിൽകോഡ് നടപ്പിലാക്കാനുള്ള അണിയറ ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. നാനാത്വത്തിൽ ഏകത്വം നിലനിർത്തി മുന്നോട്ടു പോകുന്ന ഒരു വൻജനസഞ്ചയത്തെ ഇത് ഏതെല്ലാം രൂപത്തിലാണ് പ്രതികൂലമായി ബാധിക്കുക? ആർക്കാണ് ഇതുകൊണ്ട്നേട്ടമുണ്ടാവുക?*

! ഒരു ഏകീകൃത ഹിന്ദുദേശീയതയുടെ രൂപീകരണത്തിലൂടെയുള്ള ഹിന്ദുരാഷ്ട്ര നിർമിതിയാണ് ഏകീകൃത സിവിൽകോഡിലൂടെ ഇക്കൂട്ടർ ലക്ഷ്യമാക്കുന്നത്. തുല്യനീതി, തുല്യപരിഗണന, വ്യക്തിസ്വാതന്ത്ര്യം എന്നൊക്കെയുള്ള വർണക്കടലാസുകൾക്കുള്ളിൽ ഇവർ ഒളിപ്പിച്ചുവെച്ചിരിക്കുന്നത് ഈ ലക്ഷ്യം തന്നെയാണ്. നാനാജാതി മതസ്ഥരും വിഭിന്ന ഭാഷക്കാരും വൈവിധ്യമാർന്ന സംസ്കാരങ്ങളും നിലിനിൽക്കുന്ന ഒരു രാജ്യമാണ് ഇന്ത്യ. എല്ലാ സംസ്ഥാനങ്ങളിലും ഒരു കാര്യത്തിൽ ഒരേ നിയമമല്ല നിലവിലുള്ളത്. വിവാഹം, അനന്തരസ്വത്തവകാശം പോലുള്ള പല കാര്യങ്ങളിലും വ്യത്യസ്ത നിയമങ്ങൾ വിവിധ വിഭാഗങ്ങൾക്കിടയിൽ നിലനിൽക്കുന്നുണ്ട്. ഇസ്‌ലാമിക നിയമമനുസരിച്ചുള്ള വിവാഹം, വിവാഹമോചനം

പോലുള്ള കാര്യങ്ങൾ നിഷേധിക്കപ്പെടുമ്പോൾ അത് വ്യക്തികളുടെ വിശ്വാസത്തിലധിഷ്ഠിതമായ ജീവിതത്തെ ബാധിക്കുന്നതാണ്. ഇതാകട്ടെ ഭരണഘടന നൽകുന്ന മൗലികാവകാശത്തിനു വിരുദ്ധമാണ്. അന്താരാഷ്ട്ര മനുഷ്യാവകാശ നിയമങ്ങൾക്ക് എതിരുമാണ്.

ന്യൂനപക്ഷങ്ങളുടെ ഏറ്റവും വലിയ സംരക്ഷണ കവചമാണ് മൗലികാവകാശങ്ങൾ. ഈ മൗലികാവകാശങ്ങളുടെ ലംഘനമാണ് ഏകീകൃത സിവിൽകോഡ് നടപ്പിലാക്കുന്നതിലൂടെ സംഭവിക്കുക. അതിനുവേണ്ടി മുറവിളി കൂട്ടുന്ന ആർ.എസ്.എസ്സിന്റെ ആചാര്യന്മാർ ഇന്ത്യയിൽ ഏതു നിയമമാണ് നടപ്പിലാക്കേണ്ടതെന്നും ന്യൂനപക്ഷങ്ങൾക്ക് ഇവിടെ ജീവിക്കണമെങ്കിൽ അവർ എന്തൊക്കെ ചെയ്യണമെന്നും പറഞ്ഞുവെച്ചിട്ടുണ്ട്.

? *'സംഘർഷമല്ല സമന്വയമാണ് ഭാരതത്തിന്റെ കാതൽ. 130 കോടി ജനങ്ങളുള്ളപ്പോൾ ചില പ്രശ്നങ്ങളൊക്കെയുണ്ടാകാം. എന്നാൽ ഇന്ത്യയിലെ മതങ്ങൾ വിശാല കാഴ്ചപ്പാട് പുലർത്തുന്നവയാണ്. ബഹുമത സമൂഹത്തിൽ ഇസ്‌ലാമിനെ അവതരിപ്പിക്കുമ്പോൾ ആ നിലയ്ക്കുള്ള സമീപനമുണ്ടാകണം. 2014ലെയും 19ലെയും തെരഞ്ഞെടുപ്പിൽ വിശാലമായ രാഷ്ട്രീയ സമീപനമാണ് സ്വീകരിച്ചത്. അടിസ്ഥാനപരമായി ആരോടെങ്കിലും അനീതി കാണിച്ച സംഭവങ്ങൾ ആർക്കും ചൂണ്ടിക്കാണിക്കാനാവില്ല' മുജാഹിദ് സമ്മേളനത്തിലെ, അഡ്വ. പിഎസ് ശ്രീധരൻ പിള്ളയുടെ പ്രസംഗത്തിലെ ചില വാക്കുകളാണിത്. ഈ വാക്കുകളെ താങ്കൾ എങ്ങനെ നോക്കിക്കാണുന്നു?*

! സമന്വയമല്ല; സഹവർത്തിത്വമാണ് നമുക്ക് വേണ്ടത്. '130 കോടി ജനങ്ങളുള്ളപ്പോൾ ചില പ്രശ്നങ്ങളൊക്കെയുണ്ടാകാം' എന്നത് ശരിയാണ്. 130 കോടിയല്ല 100 പേരുണ്ടെങ്കിലും ചില പ്രശ്നങ്ങളുണ്ടായേക്കാം. എന്നാൽ ഭരണകൂടത്തിന്റെ തണലിലും നിശ്ശബ്ദമായ അംഗീകാരത്തിലും സംഘർഷമുണ്ടാകുന്നു എന്നത് അത്ര ലളിതവത്കരിക്കേണ്ട കാര്യമല്ല. 'എന്നാൽ ഇന്ത്യയിലെ മതങ്ങൾ വിശാല കാഴ്ചപ്പാട് പുലർത്തുന്നവയാണ്. ബഹുമത സമൂഹത്തിൽ ഇസ്‌ലാമിനെ അവതരിപ്പിക്കുമ്പോൾ ആ നിലയ്ക്കുള്ള സമീപനമുണ്ടാകണം' എന്നതുകൊണ്ട് അദ്ദേഹം ഉദ്ദേശിച്ചത് എന്താണെന്നറിയില്ല. ബഹുമത സമൂഹത്തിൽ ഇസ്‌ലാമിനെ അവതരിപ്പിക്കുമ്പോൾ പാലിക്കേണ്ട വിശാലമായ കാഴ്ചപ്പാട് വിശ്വാസാദർശങ്ങളിൽ വെള്ളം ചേർക്കലാണെങ്കിൽ അത് ഉൾക്കൊള്ളാൻ മുസ്‌ലിംകൾക്ക് സാധ്യമല്ല. മറ്റുള്ളവരുടെ ആദർശങ്ങളും ആചാരങ്ങളും കടംകൊള്ളുക എന്നതും സ്വീകാര്യമല്ല. എന്നാൽ സ്വന്തം വിശ്വാസത്തിൽ അടിയുറച്ചുനിന്നുകൊണ്ടുതന്നെ ഇതര മതസ്ഥരുമായി സൗഹാർദത്തിലും സ്നേഹത്തിലും പരസ്പര സഹകരണത്തിലും കഴിയുവാനാണ് മുസ്‌ലിംകൾ കൽപിക്കപ്പെട്ടിരിക്കുന്നത്. അത് അങ്ങനെത്തന്നെയായിരിക്കുകയും ചെയ്യും. '2014ലെയും 19ലെയും തെരഞ്ഞെടുപ്പിൽ വിശാലമായ രാഷ്ട്രീയ സമീപനമാണ് സ്വീകരിച്ചത്. അടിസ്ഥാനപരമായി ആരോടെങ്കിലും അനീതി കാണിച്ച സംഭവങ്ങൾ ആർക്കും ചൂണ്ടിക്കാണിക്കാനാവില്ല' എന്ന പ്രസ്താവന വലിയ തമാശയായിട്ടാണ് തോന്നുന്നത്.



**ബഹുമത സമൂഹത്തിൽ ഇസ്‌ലാമിനെ അവതരിപ്പിക്കുമ്പോൾ പാലിക്കേണ്ട വിശാലമായ കാഴ്ചപ്പാട് വിശ്വാസാദർശങ്ങളിൽ വെള്ളം ചേർക്കലാണെങ്കിൽ അത് ഉൾക്കൊള്ളാൻ മുസ്‌ലിംകൾക്ക് സാധ്യമല്ല. മറ്റുള്ളവരുടെ ആദർശങ്ങളും ആചാരങ്ങളും കടംകൊള്ളുക എന്നതും സ്വീകാര്യമല്ല. എന്നാൽ സ്വന്തം വിശ്വാസത്തിൽ അടിയുറച്ചുനിന്നുകൊണ്ടുതന്നെ ഇതര മതസ്ഥരുമായി സൗഹാർദത്തിലും സ്നേഹത്തിലും പരസ്പര സഹകരണത്തിലും കഴിയുവാനാണ് മുസ്‌ലിംകൾ കൽപിക്കപ്പെട്ടിരിക്കുന്നത്. അത് അങ്ങനെ തന്നെയായിരിക്കുകയും ചെയ്യും.**

ഇന്ത്യാരാജ്യം ഭരിക്കുന്ന, ശ്രീധരൻ പിള്ളയുടെ പാർട്ടി ആരോടെങ്കിലും അനീതി കാണിച്ചിട്ടുണ്ടോ ഇല്ലേ എന്നത് ജനങ്ങൾക്കറിയാം. ഒരു ജനത എന്തു കഴിക്കണം, ഏതു വേഷം ധരിക്കണം എന്നു ഞങ്ങൾ തീരുമാനിക്കും എന്ന നിലപാട് നീതിയോ അനീതിയോ? പൗരത്വ വിഷയത്തിൽ മുസ്‌ലിംകളെ മാത്രം ലക്ഷ്യംവെച്ചുള്ള തീരുമാനം നീതിയോ അനീതിയോ?

**(അവസാനിച്ചില്ല)**




# ഉമ്മയെന്ന തണൽമരം

**ഹന്ന ഫസൽ**

യൂട്യൂബ്ഷോർട്ട്വീഡിയോസ് സ്ക്രോൾ ചെയ്തുകൊണ്ടിരുന്ന ഒരു ഒഴിവുവേളയിലാണ് ആ വീഡിയോയിൽ വിരലമർന്നത്. 'ഇസ്‌ലാമിലെ സ്ത്രീകളുടെ സുഖസൗകര്യങ്ങൾ' എന്ന വ്യാജേന തട്ടമിട്ടൊരു സ്ത്രീ വാചാലമായി സംസാരിക്കുന്നു; ആക്ഷേപിക്കലാണ് ലക്ഷ്യം!

'ഭർത്താവുള്ളതുകൊണ്ട് സ്ത്രീകൾക്ക് കുടുംബത്തിലെ മറ്റു ചെലവുകളെ കുറിച്ച് ആവലാതിപ്പെടേണ്ട കാര്യമില്ല. അയാളുടെ മക്കളെ പെറ്റുപോറ്റുന്ന ജോലി ചെയ്യുന്നതുകൊണ്ട് ജീവിതകാലം മുഴുവൻ താമസിക്കാൻ ഇടവും കഴിക്കാൻ ഭക്ഷണവും അയാൾ നൽകും. ഒരിക്കലും തീരാത്ത വീട്ടുജോലികൾ ഉള്ളതുകൊണ്ട് ബോറടി എന്തെന്ന് അറിയേണ്ട കാര്യമില്ല. ഒന്നിനെ കുറിച്ചും വ്യാകുലപ്പെടേണ്ടതുമില്ല. ഭാര്യയും ഉമ്മയുമായി കഴിയുന്നതോടെ ഒരു സ്ത്രീ അബലയാവുന്നു...' തുടങ്ങി പല കണ്ടുപിടുത്തങ്ങളും പരിഹാസരൂപേണ ക്യാമറയ്ക്ക് മുന്നിൽ നിന്ന് അവർ വിളമ്പുന്നുണ്ട്. അവർക്ക് പറയാനുള്ളത് പറഞ്ഞുകഴിഞ്ഞ് അവർ പോയിട്ടും എന്റെ മനസ്സ് ആ വാക്കുകളിൽ കുരുങ്ങിക്കിടന്നു; കുറെനേരം.

ഓർമയുറച്ചു തുടങ്ങിയ കാലത്തേ ഉപ്പ ഇല്ലാതായതുകൊണ്ടാവാം ഉപ്പയുമൊത്തുള്ള ഓർമകൾ എന്നും എനിക്ക് വിലപ്പെട്ടതായിരുന്നു. ഉപ്പ പറഞ്ഞുതന്നിരുന്ന പല കാര്യങ്ങളും ജീവിതത്തിലെ പല സത്യങ്ങളായും സംഭവങ്ങളായും പുനർജനിക്കുമ്പോൾ നോവോടെയാണെങ്കിൽ പോലും ഞാൻ ചിരിച്ചിട്ടുണ്ട്; ചിന്തിച്ചിട്ടുമുണ്ട്.

ഒരിക്കൽ ഉപ്പയോടൊപ്പമുള്ള ഒരു യാത്രയിൽ ഉപ്പ പറഞ്ഞു: "ഒരു എത്തും പിടിയും ഇല്ലാതെ പകച്ചു നിൽക്കുന്ന, അല്ലെങ്കിൽ തളർന്നുപോയേക്കാവുന്ന ചില സാഹചര്യങ്ങളിൽ ചില കൈകൾ നമ്മുടെ നേരെ നീളും. അവർ നമ്മെ ചേർത്തുപിടിക്കും, ആശ്വസിപ്പിക്കും. മുന്നോട്ടുള്ള വഴി കാണിച്ചു തരും. നമ്മളൊന്ന് നിന്നുകൊടുത്താൽ മതിയാകും; എല്ലാം നേരെയാവും, കാരണം അവരുടെ ഒരു കൈ നമ്മുടെ നേരെയാണെങ്കിൽ മറുകൈ റബ്ബിന്റെ അടുത്താവും. റബ്ബിനോടുള്ള നമ്മുടെ പ്രാർഥനകൾക്കുള്ള ഉത്തരങ്ങളായേക്കാമത്."

ഒരു ഏഴു വയസ്സുകാരിക്ക് അന്നത് പൂർണമായും മനസ്സിലായില്ല. എങ്കിലും 'ഉപ്പ അങ്ങനെ ആരെയെങ്കിലും കണ്ടിട്ടുണ്ടോ' എന്ന് ചോദിക്കാനാണ് എനിക്ക്

**ഒരു എത്തും പിടിയും ഇല്ലാതെ പകച്ചു നിൽക്കുന്ന, അല്ലെങ്കിൽ തളർന്നുപോയേക്കാവുന്ന ചില സാഹചര്യങ്ങളിൽ ചില കൈകൾ നമ്മുടെ നേരെ നീളും. അവർ നമ്മെ ചേർത്തുപിടിക്കും, ആശ്വസിപ്പിക്കും. മുന്നോട്ടുള്ള വഴി കാണിച്ചു തരും. നമ്മളൊന്ന് നിന്നുകൊടുത്താൽ മതിയാകും; എല്ലാം നേരെയാവും, കാരണം അവരുടെ ഒരു കൈ നമ്മുടെ നേരെയാണെങ്കിൽ മറുകൈ റബ്ബിന്റെ അടുത്താവും. റബ്ബിനോടുള്ള നമ്മുടെ പ്രാർഥനകൾക്കുള്ള ഉത്തരങ്ങളായേക്കാമത്.**

തോന്നിയത്.

'ഉണ്ട്, നിന്റെ ഉമ്മയെ' എന്നായിരുന്നു മറുപടി.

ശേഷം മൂന്നു വർഷം തികയും മുമ്പേ ഉപ്പ മരിച്ചുപോയി.

ഉമ്മ എന്ന രണ്ടക്ഷരത്തിന്റെ ശക്തിയിലായിരുന്നു പിന്നീടുള്ള ജീവിതത്തിന്റെ പോക്ക്. പാഠപുസ്തകങ്ങൾ നൽകിയ അറിവ് ഏഴാം ക്ലാസ്സിൽ അവസാനിച്ചിട്ടും ജീവിതം ഉമ്മാക്ക് നൽകിയത് ഒരു യൂണിവേഴ്സിറ്റിയിലും ഇന്നില്ലാത്തത്ര ഡിഗ്രികൾ ആയിരുന്നു.

ഉപ്പയുടെ മറപറ്റി മാത്രം അടുത്തുള്ള ഹെൽത്ത് സെന്ററിൽ വരെ പോകാറുണ്ടായിരുന്ന ഉമ്മ, പിന്നീടുള്ള ജീവിതത്തിനുവേണ്ടി ഒരാണിന്റെയും പെണ്ണിന്റെയും കുപ്പായം ഒരുമിച്ചിടുന്നത് ഞാൻ കണ്ടു. പറക്കമുറ്റാത്ത നാല് മക്കളുടെ ജീവിതം സുരക്ഷിതമാക്കാൻ ഒരാണിനെക്കാൾ വേഗമായിരുന്നു ഉമ്മാക്ക്. ധനമന്ത്രിയെക്കാൾ കടുകട്ടിയാണ് ഉമ്മയുടെ ബഡ്ജറ്റ് എന്നുപറഞ്ഞു ഞങ്ങൾ കളിയാക്കുമ്പോഴും ഉമ്മ ചിരിക്കും. മാസാവസാനം വരവുചെലവ് കണക്കാക്കി മിച്ചം വരുന്നത് എത്ര കുറഞ്ഞ തുകയാണെങ്കിലും ഭദ്രമായി സൂക്ഷിച്ചുവയ്ക്കും. പഠനത്തിനായും കുടുംബജീവിതത്തിനായും ഞങ്ങൾ ഓരോരുത്തരും ഓരോ വഴിക്ക് ആയപ്പോഴും ഉമ്മയുടെ കൈകൾ എന്നും ഞങ്ങൾക്ക് കൈയെത്തും ദൂരത്തുണ്ടാവാറുണ്ട്.

ഏത് സാഹചര്യങ്ങളെയും അതിജീവിക്കാൻ സ്ത്രീക്ക് സ്രഷ്ടാവ് പ്രത്യേകം കഴിവ് തന്നിട്ടുണ്ട് എന്നും അത് നമ്മൾ മനസ്സിലാക്കുന്നിടത്താണ് നമ്മൾ നമ്മൾ ആകുന്നതെന്നുമുള്ള വലിയ പാഠമായിരുന്നു എനിക്ക് എന്റെ ഉമ്മ. പലരും ജീവിതം തുടങ്ങുന്ന പ്രായത്തിൽ ഇണ നഷ്ടപ്പെട്ടിട്ടും, നാല് മക്കളുമായി ഒറ്റപ്പെട്ടിട്ടും ധൈര്യത്തോടെ, ആത്മസമർപ്പണത്തോടെ കുടുംബനാഥയായി എന്റെ ഉമ്മ സമൂഹത്തിന് മുന്നിൽ ജീവിക്കുന്നത് കാണുമ്പോൾ ഉപ്പ അന്ന് പറഞ്ഞതിന്റെ അർഥം എനിക്ക് മനസ്സിലാകുന്നുണ്ട്.




**ഏത് സാഹചര്യങ്ങളെയും അതിജീവിക്കാൻ സ്ത്രീക്ക് സ്രഷ്ടാവ് പ്രത്യേകം കഴിവ് തന്നിട്ടുണ്ട്. അത് മനസ്സിലാക്കുന്നിടത്താണ് നമ്മൾ നമ്മൾ ആകുന്നത്**

ഓരോന്ന് ഓർത്തുകൊണ്ട് ഞാൻ യൂട്യൂബ് കമെന്റ്സ് ഓപ്പൺ ചെയ്തു. നെഗറ്റീവായും പോസിറ്റീവായുമുള്ള ഒരുപാട് കമെന്റുകളും ഫെമിനിസം ഒരു തൊഴിലാക്കിയവരുടെ കളിയാക്കലുകളും കണ്ട് എനിക്ക് ചിരിയാണു വന്നത്. എന്റെ ഉപ്പയുടെ ഭാര്യയായിരുന്ന, എന്റെ ഉമ്മയായ ഒരു ജീവിതസാക്ഷ്യം എന്റെ മുന്നിൽ ഉള്ളപ്പോൾ ഞാൻ ആരെ എന്ത് ബോധിപ്പിക്കാൻ? അല്ലെങ്കിലും ബോധ്യം ഇല്ലാഞ്ഞിട്ടാണോ ഇങ്ങനെയെല്ലാം പുലമ്പുന്നത്? ബോധം ഇല്ലാഞ്ഞിട്ടല്ലേ?

മൊബൈൽ താഴെ വെച്ച് ഞാൻ പതിവിലും ഉച്ചത്തിൽ വിളിച്ചു: "ഉമ്മാ...!"

ലേഖനം



# എന്താണ് ക്വുർആൻ കൊണ്ടുള്ള ജിഹാദ്?

ഡോ. ടി. കെ യൂസുഫ്
: 9349798262

വിശുദ്ധ ക്വുർആനിൽ 15 അധ്യായങ്ങളിലായി 33 പ്രാവശ്യം ജിഹാദിനെക്കുറിച്ച് പ്രതിപാദിക്കുന്നതായി കാണാം. ഇസ്‌ലാമിൽ ജിഹാദിന്റെ പ്രാധാന്യമാണ് ഇത് സൂചിപ്പിക്കുന്നത്. എന്നാൽ ക്വുർആനിലെ ഒരു വചനത്തിൽ ക്വുർആൻകൊണ്ട് വലിയ ജിഹാദ് നടത്താൻ ആവശ്യപ്പെടുന്നുണ്ട്. എന്താണ് വലിയ ജിഹാദ്? എങ്ങനെയാണ് ക്വുർആൻ കൊണ്ട് ജിഹാദ് നടത്തുക?

ജിഹാദ് നിർബന്ധമാക്കുന്നത് ഹിജ്റക്ക് ശേഷമായതുകൊണ്ട് ജിഹാദിനെക്കുറിച്ചുള്ള ക്വുർആൻ വചനങ്ങൾ മദീനയിലാണ് അവതരിച്ചിട്ടുള്ളത്. എന്നാൽ ആ 'വലിയ ജിഹാദിനെ'ക്കുറിച്ചുള്ള വചനം ജിഹാദ് നിർബന്ധമാക്കുന്നതിന് വർഷങ്ങൾക്കു മുമ്പ് മക്കയിൽ വെച്ചാണ് അവതരിച്ചത്. യുദ്ധം അനുവദനീയമാക്കുന്നതിന് മുമ്പുള്ള 'വലിയ ജിഹാദ്' എന്താണ്? ക്വുർആൻ പറയുന്നു:

"അതിനാൽ സത്യനിഷേധികളെ നീ അനുസരിച്ചുപോകരുത്. ഇതു (ക്വുർആൻ)കൊണ്ട് നീ അവരോട് വലിയൊരു സമരം നടത്തിക്കൊള്ളുക" (അൽഫുർക്വാൻ 52).

അല്ലാഹുവിന്റെ അസ്തിത്വവും ഏകത്വവും കഴിവും വ്യക്തമാക്കുന്ന അനവധി കാര്യങ്ങൾ പറയുന്നതിനിടയിലാണ് വലിയസമരത്തെക്കുറിച്ച് പറയുന്നത്.

ക്വുർആൻ മനുഷ്യന്റെ ഐഹിക -പാരത്രിക സൗഭാഗ്യത്തിനുള്ള മാർഗനിർദേശങ്ങൾ അടങ്ങിയ ദൈവികദർനമാണ്, അഥവാ അല്ലാഹുവിന്റെ വചനങ്ങളാണ്. അവിശ്വാസികളുമായി സംവാദം നടത്താൻ ആവശ്യമായ വിജ്ഞാനങ്ങളും അതിലടങ്ങിയിട്ടുണ്ട്. ക്വുർആൻ തന്നെ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്.

**ക്വുർആൻ കൊണ്ടുള്ള വലിയ ജിഹാദ് വിവരമുള്ളവരുടെ ബാധ്യതയാണ്. വിവര സാങ്കേതികവിദ്യ ഈ ദൗത്യം എളുപ്പമാക്കിയിട്ടുണ്ട്. എല്ലാ വീട്ടിലും ഇസ്‌ലാമിക സന്ദേശം എത്തും എന്ന പ്രവാചകവചനമാണ് ഇവിടെ അന്വർഥമാകുന്നത്. ആഗോളവലയുടെ കണ്ണികളില്ലാത്ത വീടുകൾ കണ്ടെത്തുക അസാധ്യമാണ്. ഇസ്‌ലാമിക സന്ദേശം ഇന്ന് എല്ലാവരുടെയും വിരൽതുമ്പിലുണ്ട്. അത് പ്രയോജനപ്പെടുത്തുന്നവർ വിരളമാണ് എന്നുമാത്രം. അറിവുകൊണ്ടുള്ള ജിഹാദിനും സാമ്പത്തിക ബാധ്യതയുണ്ട്. ക്വുർആൻ ആയുധ ജിഹാദിനെക്കുറിച്ച് പറയുന്നിടത്ത് നിങ്ങളുടെ സമ്പത്തുകൊണ്ടും ശരീരംകൊണ്ടും എന്ന് പറയുന്നത് കാണാം.**

“അത് കെട്ടിയുണ്ടാക്കാവുന്ന ഒരു വർത്തമാനമല്ല. പ്രത്യുത; അതിന്റെ മുമ്പുള്ളതിനെ (വേദങ്ങളെ) ശരിവെക്കുന്നതും എല്ലാ കാര്യത്തെയും സംബന്ധിച്ചുള്ള ഒരു വിശദീകരണവും വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗദർശനവും കാരുണ്യവുമാകുന്നു’’ (യൂസുഫ് 111).

ക്വുർആൻ എല്ലാത്തിന്റെയും വിശദീകരണമാണ് എന്ന് പറയുമ്പോൾ; എല്ലാവർക്കും എല്ലാം ഗ്രഹിക്കാൻ കഴിയണമെന്നില്ല. ഓരോരുത്തരുടെയും ബൗദ്ധിക-വൈജ്ഞാനിക നിലവാരത്തിനുസരിച്ച് മാത്രമെ ക്വുർആനിൽ പരാമർശിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുകയുള്ളൂ.

വലിയ ജിഹാദിനെക്കുറിച്ചുള്ള ക്വുർആൻ വചനം പരിശോധിക്കുകയാണെങ്കിൽ അത് ഒട്ടനവധി ഭൗതിക ശാസ്ത്ര വിവരങ്ങൾ പരാമർശിക്കുന്നതിനിടയിലാണെന്ന് കണ്ടെത്താൻ കഴിയും. വലിയ ജിഹാദിനെക്കുറിച്ച് പറഞ്ഞതിനുശേഷം ക്വുർആൻ പറയുന്നത് സമുദ്രശാസ്ത്രത്തിലെ ഒരു അത്ഭുത പ്രതിഭാസത്തെക്കുറിച്ചാണ്.

“രണ്ട് ജലാശയങ്ങളെ സ്വതന്ത്രമായി ഒഴുകാൻ വിട്ടവനാകുന്നു അവൻ. ഒന്ന് സ്വച്ഛമായ ശുദ്ധജലം, മറ്റൊന്ന് അരോചകമായി തോന്നുന്ന ഉപ്പുവെള്ളവും. അവ രണ്ടിനുമിടയിൽ ഒരു മറയും ശക്തിയായ ഒരു തടസ്സവും അവൻ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു’’ (അൽഫുർക്വാൻ 53).

അലസ്ക്ക കടലിൽ കാണപ്പെടുന്ന ഈ സമുദ്രപ്രതിഭാസത്തിന്റെ ചിത്രം ഇന്ന് നെറ്റിൽ ലഭ്യമാണ്. എന്തുകൊണ്ട് ഈ രണ്ട് ജലാശയങ്ങൾ തമ്മിൽ കൂടിക്കലരുന്നില്ല എന്നതിന് പല ശാസ്ത്രീയ വ്യാഖ്യാനങ്ങളുമുണ്ട്. ഈ ക്വുർആൻ വചനത്തിൽ ‘അദ്ബ്,’ ‘ഫുറാത്,’ ‘മിൽഹ്,’ ‘ഉജാജ്’ എന്നീ പദങ്ങൾ ഉപയോഗിച്ചത് വിസ്മയകരമാണ്. ‘അദ്ബ്,’ ‘ഫുറാത്’ എന്നീ പദങ്ങളുടെ അർഥം ‘ശുദ്ധജലം’ എന്നാണ്. ‘മിൽഹ്,’ ‘ഉജാജ്’ എന്നിവയുടെ അർഥം ‘ഉപ്പുരുചിയുള്ളത്’ എന്നാണ്. എന്തുകൊണ്ടാവാം പദങ്ങൾ ഈവിധം പ്രയോഗിച്ചത്? പരസ്പരം കൂടിച്ചേരാത്ത ഈ രണ്ട് ജലാശയങ്ങളിലെയും വെള്ളം പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. സാധാരണഗതിയിൽ കടലോരപ്രദേശങ്ങളിലുള്ള കിണറുകളിലെ ശുദ്ധജലത്തിൽ ഉപ്പിന്റെ അംശം കൂടുതൽ കാണാറുണ്ട്. എന്നാൽ രണ്ട് സമുദ്രങ്ങൾ ഒരുമിച്ചൊഴുകുന്ന സ്ഥലത്തുള്ള ശുദ്ധജലം നൂറുശതമാനം ശുദ്ധമാണ്. അതുപോലെ ഉപ്പുവെള്ളം തീർത്തും ഉപ്പുരുചിയുള്ളതുമാണ്. ശുദ്ധജലവും ഉപ്പുജലവും ഒട്ടും കലർപ്പില്ലാതെ കാണപ്പെടുന്ന അവസ്ഥയെയാണ് ക്വുർആൻ ഇരട്ടപദപ്രയോഗത്തിലൂടെ സൂചിപ്പിക്കുന്നത് എന്നു മനസ്സിലാക്കാം.

എന്തുകൊണ്ടാണ് ക്വുർആൻ അറിവിന്റെ ആയുധമേന്തിയുള്ള യുദ്ധത്തെ ‘വലിയ ജിഹാദ്’ എന്ന് വിശേഷിപ്പിച്ചത് എന്ന് നോക്കുകയാണെങ്കിൽ അതിനുതാഴെ പറയുന്ന സവിശേഷതകൾ കാണാൻ കഴിയും:

1. അറിവ് ആയുധമാക്കിയുള്ള പോരാട്ടം സ്ഥലകാല ഭേദമില്ലാതെ എപ്പോൾ എവിടെവെച്ചും ദൂരവ്യാപകമായ പ്രതിഫലനമുണ്ടാക്കുന്ന രൂപത്തിൽ നടത്താൻ കഴിയും.



**ശാസ്ത്രീയ പഠനങ്ങൾക്കും ഗവേഷണങ്ങൾക്കുമൊക്കെ പണം ചെലവഴിക്കാൻ നാം വിമുഖത കാണിച്ചുകൂടാ. പാശ്ചാത്യലോകം ഇത്തരം കാര്യങ്ങൾക്ക് പണം വാരിക്കോരി ചെലവഴിക്കുന്നവരാണ്. പാശ്ചാത്യർ വല്ലതും കണ്ടെത്തുമ്പോൾ ഇക്കാര്യം പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് ക്വുർആനിൽ പറഞ്ഞിട്ടുണ്ടെന്ന് അഭിമാനം കൊള്ളുവാനല്ല, ക്വുർആനിന്റെ വെളിച്ചത്തിൽ പഠനം നടത്തി പുതുതായി വല്ലതും കണ്ടെത്താൻ ശ്രമിക്കുകയാണ് വേണ്ടത്. വിജ്ഞാനത്തിലൂടെയാണ് യഥാർഥത്തിൽ വിശ്വാസത്തിന് ശക്തിയാർജിക്കാൻ സാധ്യമാവുക.**

2. വിജ്ഞാനംകൊണ്ടുള്ള പോരാട്ടം സായുധപോരാട്ടത്തെക്കാൾ ശ്രമകരമാണ്. ഒരു നിരീശ്വരവാദിയെ ആയുധംകൊണ്ട് തോൽപിക്കൽ എളുപ്പമായേക്കാം. എന്നാൽ അവനെ ദൈവവിശ്വാസത്തെക്കുറിച്ച് ബോധ്യപ്പെടുത്താൻ സാഹസപ്പെടേണ്ടിവരും. ക്വുർആനിന്റെ അമാനുഷികത വ്യക്തമാക്കുന്ന ശാസ്ത്രവചനങ്ങളിലൂടെ മാത്രമെ മിക്കവാറും അത് സാധ്യമാവുകയുള്ളൂ.

3. അവിശ്വാസികളുടെ വെല്ലുവിളികൾ നേരിടാനും സംശയങ്ങൾ ദൂരീകരിക്കാനും നല്ല ആഴവും പരപ്പുമുള്ള അറിവ് ആവശ്യമാണ്.

4. നിരീശ്വരവാദികൾ ദൈവനിഷേധത്തിന് പിന്തുണയായി ശാസ്ത്രത്തെയാണ് കൂട്ടുപിടിക്കാറുള്ളത്. അതുകൊണ്ട് ശാസ്ത്രം ദൈവത്തിലേക്ക് എത്തിക്കുന്നതാണെന്ന് തെളിയിക്കണമെങ്കിൽ എല്ലാ ശാസ്ത്രത്തെക്കുറിച്ചുമുള്ള പരിജ്ഞാനം ആവശ്യമാണ്.

5. സായുധപോരാട്ടത്തിന്റെ ഫലങ്ങൾ സംഹാരാത്മകമാണ്. എന്നാൽ വൈജ്ഞാനിക പോരാട്ടത്തിന്റെ ഫലങ്ങൾ നിർമാണാത്മകമാണ്.

6. ക്വുർആനിലെ ശാസ്ത്രസത്യങ്ങൾകൊണ്ട് ശത്രുക്കളെ നേരിടുകയാണെങ്കിൽ അതിനെ സത്യസന്ധമായി എതിർക്കാനും ക്വുർആനിന്റെ ആധികാരികതയെ നിഷേധിക്കാനും അവർക്ക് കഴിയില്ല. കാരണം ക്വുർആനിന്റെ ആദ്യകാലകോപ്പികൾ തന്നെ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. ചരിത്രവസ്തുതകളിലൂടെ നമുക്ക് അതിന്റെ ആധികാരികത തെളിയിക്കാൻ കഴിയും.

7. ആധുനിക കാലത്ത് ഇസ്‌ലാമിനെ എതിർക്കുന്നവർ കാര്യമായും അതിനുവേണ്ടി ഉപയോഗിക്കുന്നത് ടാങ്കറുകളും ബോംബറുകളുമല്ല; ടെക്നോളജിയും മീഡിയയുമാണ്. ഇതിനെ നേരിടാൻ അറിവ് അനിവാര്യമാണ്.

8. 'ക്വുർആൻ കൊണ്ടുള്ള ജിഹാദ്' എപ്പോഴും എവിടെ വെച്ചും നടത്താൻ കഴിയും. ക്വുർആനിലെ ശാസ്ത്രസൂചനകളുടെ ഒരു ക്ലിപ്പ് സമൂഹമാധ്യമങ്ങളിലൂടെ ലക്ഷക്കണക്കിന് ആളുകൾക്ക് എത്തിക്കാൻ ഇന്ന് കഴിയും. ഇസ്‌ലാമിനെ അറിയാൻ ആഗ്രഹിക്കുന്ന പലരിലേക്കും ഇത് എത്തുകയും സത്യം മനസ്സിലാക്കാനും ഉൾക്കൊള്ളാനും നിമിത്തമാകുകയും ചെയ്തേക്കാം.

9. ഇസ്‌ലാമിനെ ഇകഴ്ത്താൻ ആധുനിക വാർത്താവിനിമയ മാർഗങ്ങൾ ഉപയോഗിക്കുമ്പോൾ അതേ മാർഗത്തിലൂടെ നമുക്ക് ഇസ്‌ലാമിന്റെ ദൈവികതയും അജയ്യതയും വെളിപ്പെടുത്താൻ കഴിയും.

ഇസ്‌ലാമിക വിശ്വാസത്തിന്റെ കാതലായ വശങ്ങളായ പരലോകത്തെയും മരണാനന്തര ജീവിതത്തെയും എതിർക്കുന്നവർക്ക് ക്വുർആൻ മറുപടി നൽകുന്നത് ശാസ്ത്രീയവും ഭൗതികവുമായ ഉദാഹരണങ്ങളിലൂടെയാണ്. അവിശ്വാസികളുടെ ആശ്ചര്യത്തെക്കുറിച്ച് ക്വുർആൻ പറയുന്നു:

"നാം മരിച്ച് മണ്ണായിക്കഴിഞ്ഞിട്ടോ (ഒരു പുനർജന്മം?). അത് വിദൂരമായ ഒരു മടക്കമാകുന്നു" (ക്വാഫ് 3).

ഇതിന് മറുപടിയായി ക്വുർആൻ പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളെപ്പറ്റി





**പ്രപഞ്ചത്തിലെ ഒട്ടേറെ പ്രതിഭാസങ്ങളെക്കുറിച്ച് പറഞ്ഞതിനു ശേഷമാണ് അറിവുള്ളവർ മാത്രമാണ് അല്ലാഹുവിനെ ഭയപ്പെടുന്നത് എന്ന് ക്വുർആൻ പറയുന്നത്. വിശ്വാസത്തിനും ഭയഭക്തിക്കും സർവോപരി ഇസ്‌ലാമിക പ്രബോധനത്തിനും വിജ്ഞാനം അത്യാന്താപേക്ഷിതമാണ് എന്നാണ് ക്വുർആൻ വചനങ്ങൾ പഠിപ്പിക്കുന്നത്.**

ചിന്തിക്കാനാണ് പറയുന്നത്:

"അവർക്കു മുകളിലുള്ള ആകാശത്തേക്ക് അവർ നോക്കിയിട്ടില്ലേ; എങ്ങനെയാണ് നാം അതിനെ നിർമിക്കുകയും അലങ്കരിക്കുകയും ചെയ്തിട്ടുള്ളതെന്ന്? അതിന് വിടവുകളൊന്നുമില്ല. ഭൂമിയാകട്ടെ നാം അതിനെ വികസിപ്പിക്കുകയും അതിൽ ഉറച്ചുനിൽക്കുന്ന പർവതങ്ങൾ നാം സ്ഥാപിക്കുകയും കൗതുകമുള്ള എല്ലാ സസ്യവർഗങ്ങളും നാം അതിൽ മുളപ്പിക്കുകയും ചെയ്തിരിക്കുന്നു. (സത്യത്തിലേക്ക്) മടങ്ങുന്ന ഏതൊരു ദാസനും കണ്ടുമനസ്സിലാക്കുവാനും അനുസ്മരിക്കുവാനും വേണ്ടി. ആകാശത്തുനിന്ന് നാം അനുഗൃഹീതമായ വെള്ളം വർഷിക്കുകയും, എന്നിട്ട് അതുമൂലം പലതരം തോട്ടങ്ങളും കൊയ്തെടുക്കുന്ന ധാന്യങ്ങളും നാം മുളപ്പിക്കുകയും ചെയ്തു. അടുക്കടുക്കായി കുലകളുള്ള ഉയരമുള്ള ഈന്തപ്പനകളും. (നമ്മുടെ) ദാസൻമാർക്ക് ഉപജീവനമായിട്ടുള്ളതത്രെ അവ. നിർജീവമായ നാടിനെ അത് മൂലം ജീവനുള്ളതാക്കുകയും ചെയ്തു. അപ്രകാരം തന്നെയാകുന്നു (ക്വബ്റുകളിൽ നിന്നുള്ള) പുറപ്പാട്" (ക്വാഫ് 6-11).

അന്യൂനമായ രീതിയിലുള്ള ആകാശത്തിന്റെ നിർമിതി, ഭൂമിയുടെ ഘടനയും, അതിന്റെ സന്തുലിതാവസ്ഥ നിലനിർത്താൻ വേണ്ടിയുള്ള പർവതങ്ങളുടെ നിർമിതി, ഇണകളായിക്കൊണ്ടുള്ള സസ്യങ്ങളുടെ സൃഷ്ടിപ്പ്... ഇവയെല്ലാം തികച്ചും ശാസ്ത്രീയമായ കാര്യങ്ങളാണ്. ദൈവനിഷേധത്തെ നേരിടാൻ വേണ്ടി ക്വുർആൻ ഈ യാഥാർഥ്യങ്ങളാണ് വെളിപ്പെടുത്തുന്നത്. അടിസ്ഥാനപരമായി ഇത് ക്വുർആനിന്റെ ഒരു ശൈലിയാണ്.

ക്വുർആൻ കൊണ്ടുള്ള ഈ വലിയ ജിഹാദ് വിവരമുള്ളവരുടെ ബാധ്യതയാണ്. വിവരസാങ്കേതിക വിദ്യ ഈ ദൗത്യം എളുപ്പമാക്കിയിട്ടുണ്ട്. എല്ലാ വീട്ടിലും ഇസ്‌ലാമിക സന്ദേശം എത്തും എന്ന പ്രവാചകവചനമാണ് ഇവിടെ അന്വർഥമാകുന്നത്. ആഗോളവലയുടെ കണ്ണികളില്ലാത്ത വീടുകൾ കണ്ടെത്തുക അസാധ്യമാണ്. ഇസ്‌ലാമിക സന്ദേശം ഇന്ന് എല്ലാവരുടെയും വിരൽതുമ്പിലുണ്ട്. അത് പ്രയോജനപ്പെടുത്തുന്നവർ വിരളമാണ് എന്നുമാത്രം. അറിവുകൊണ്ടുള്ള ജിഹാദിനും സാമ്പത്തിക ബാധ്യതയുണ്ട്. ക്വുർആൻ ആയുധ ജിഹാദിനെക്കുറിച്ച് പറയുന്നിടത്ത് നിങ്ങളുടെ സമ്പത്തുകൊണ്ടും ശരീരംകൊണ്ടും എന്ന് പറയുന്നത് കാണാം.

ശാസ്ത്രീയ പഠനങ്ങൾക്കും ഗവേഷണങ്ങൾക്കുമൊക്കെ പണം ചെലവഴിക്കാൻ നാം വിമുഖത കാണിച്ചുകൂടാ. പാശ്ചാത്യലോകം ഇത്തരം കാര്യങ്ങൾക്ക് പണം വാരിക്കോരി ചെലവഴിക്കുന്നവരാണ്. പാശ്ചാത്യർ വല്ലതും കണ്ടെത്തുമ്പോൾ ഇക്കാര്യം പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് ക്വുർആനിൽ പറഞ്ഞിട്ടുണ്ടെന്ന് അഭിമാനം കൊള്ളുവാനല്ല, ക്വുർആനിന്റെ വെളിച്ചത്തിൽ പഠനം നടത്തി പുതുതായി വല്ലതും കണ്ടെത്താൻ ശ്രമിക്കുകയാണ് വേണ്ടത്. വിജ്ഞാനത്തിലൂടെയാണ് യഥാർഥത്തിൽ വിശ്വാസത്തിന് ശക്തിയാർജിക്കാൻ സാധ്യമാവുക. ക്വുർആൻ പറയുന്നു:


"നിങ്ങളിൽനിന്ന് വിശ്വസിച്ചവരെയും വിജ്ഞാനം നൽകപ്പെട്ടവരെയും അല്ലാഹു പലപടികൾ ഉയർത്തുന്നതാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു" (മുജാദല 11).

അറിവിന്റെ പ്രാധാന്യത്തെപറ്റി ക്വുർആൻ പറയുന്നു: "അല്ലാഹുവെ ഭയപ്പെടുന്നത് അവന്റെ ദാസന്മാരിൽനിന്ന് അറിവുള്ളവർ മാത്രമാകുന്നു" (ഫാത്വിർ 28).

പ്രപഞ്ചത്തിലെ ഒട്ടേറെ പ്രതിഭാസങ്ങളെക്കുറിച്ച് പറഞ്ഞതിനു ശേഷമാണ് അറിവുള്ളവർ മാത്രമാണ് അല്ലാഹുവിനെ ഭയപ്പെടുന്നത് എന്ന് ക്വുർആൻ പറയുന്നത്. വിശ്വാസത്തിനും ഭയഭക്തിക്കും സർവോപരി ഇസ്‌ലാമിക പ്രബോധനത്തിനും വിജ്ഞാനം അത്യാന്താപേക്ഷിതമാണ് എന്നാണ് ക്വുർആൻ വചനങ്ങൾ പഠിപ്പിക്കുന്നത്. ■

# നമ്മുടെ രാജ്യത്തെ കോടതികൾ

അബൂആദം അയ്മൻ




**നോട്ടീസുകൾ**

സിവിൽ കേസുകളിലായാലും ക്രിമിനൽ കേസുകളിലായാലും കേസുമായോ കേസന്വേഷണവുമായോ ബന്ധപ്പെട്ട് പലവിധ നോട്ടീസുകൾ പുറപ്പെടുവിക്കാറുണ്ട്.

Advocates’ notice or lawyers’ notice or suit notice or letter bef action-വക്കീൽ നോട്ടീസ്; ഒരു കക്ഷിയുടെ അഭിഭാഷകൻ എതിർകക്ഷിക്ക് തന്റെ കക്ഷിയോടുള്ളതായ ബാധ്യത നിറവേറ്റാൻ (ഉദാ: കൊ ടുക്കാനുള്ള തുക കൊടുത്തുതീർക്കാൻ) വ്യവഹാരപ്പെടുന്നതിനു മുമ്പ് അവസരം നൽകിക്കൊണ്ട് അയക്കുന്ന കത്ത്; legal notice-നിയമപ്രകാരം ഒരു കക്ഷി എതിർകക്ഷിക്ക് നൽകിയിരിക്കേണ്ടതായ നോട്ടീസ്, നിയമാനുസ നോട്ടീസ്, look out notice-തെരച്ചിൽ വിജ്ഞാപനം; ക്രിമിനൽ കേസിലെ പിടികിട്ടാപ്പുള്ളിയായ പ്രതിയെ പിടികൂടുന്നതിനുവേണ്ടിയുള്ള തെരച്ചിലിൽ പൊതുജനങ്ങളുടെ സഹായസഹകരണങ്ങൾ തേടിക്കൊണ്ട്, സിബിഐയിലെയോ, സംസ്ഥാന പൊലീസിലെ വിജിലൻസ്, ക്രൈം; ലോക്കൽ വിഭാഗങ്ങളിലെയോ എസ്.പി റാങ്കിലുള്ള ഓഫീസർമാർ ദിനപത്രങ്ങൾ അടക്കമുള്ള വാർത്താമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം, പ്രതിയുടെ ഫോട്ടോയോ രേഖാചിത്രമോ സഹിതമുള്ള ഈ വിജ്ഞാപനത്തിൽ ആളിന്റെ പേര്, മേൽവിലാസം, പ്രായം, തൊഴിൽ, ഉയരം, നിറം, ശരീരപ്രകൃതം, പ്രത്യേകമായുള്ള മറ്റ് ശാരീരിക അടയാള ലക്ഷണങ്ങൾ എന്നിവയും, കേസ് സംബന്ധിക്കുന്ന പ്രസക്തവിവരങ്ങളും ചേർത്തിരിക്കും. സംശയകരവും ദുരൂഹവുമായ സാഹചര്യങ്ങളിൽ കാണാതായവരെ വീണ്ടുകിട്ടാൻ നടത്തുന്ന തെരച്ചിലിനോടു ബന്ധപ്പെട്ടും മേൽപറഞ്ഞ പൊലീസ് ഓഫീസർമാർ ഇത്തരം വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാറുണ്ട്. ജയിൽശിക്ഷ പൂർത്തിയാക്കാതെ ജയിൽ ചാടിയവരെയോ, പരോളിൽ ഇറങ്ങിയിട്ട് മുങ്ങിയവരെയോ പിടികൂടുന്നതിനുവേണ്ടി ജയിൽ സൂപ്രണ്ടോ ബന്ധപ്പെട്ട എസ്.പി യോ ആയിരിക്കും ഇത്തരം വിജ്ഞാപനം പുറപ്പെടുവിക്കുക.

Inter Pol Notice കുറ്റവാളികൾ പൊലീസിനു പിടികൊടുക്കാതെ വിദേശത്തേക്കു കടക്കുക ഒരു പതിവായി മാറിയിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ രാജ്യാന്തര ക്രിമിനൽ പൊലീസ് സംഘടനയായ ഇന്റർപോൾ പുറപ്പെടുവിക്കുന്ന നോട്ടിസുകളെക്കുറിച്ചും ജനങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. ഇന്റർപോൾ ഇത്തരത്തിലുള്ള ഏഴിനം നോട്ടീസുകൾ പുറപ്പെടു




**ക്രിമിനൽ കേസിലെ പിടികിട്ടാപ്പുള്ളിയായ പ്രതിയെ പിടികൂടുന്നതിനുവേണ്ടിയുള്ള തെരച്ചിലിൽ പൊതുജനങ്ങളുടെ സഹായസഹകരണങ്ങൾ തേടിക്കൊണ്ട്, സിബിഐയിലെയോ, സംസ്ഥാന പൊലീസിലെ വിജിലൻസ്, ക്രൈം; ലോക്കൽ വിഭാഗങ്ങളിലെയോ എസ്.പി റാങ്കിലുള്ള ഓഫീസർമാർ ദിനപത്രങ്ങൾ അടക്കമുള്ള വാർത്താമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം, പ്രതിയുടെ ഫോട്ടോയോ രേഖാചിത്രമോ സഹിതമുള്ള ഈ വിജ്ഞാപനത്തിൽ ആളിന്റെ പേര്, മേൽവിലാസം, പ്രായം, തൊഴിൽ, ഉയരം, നിറം, ശരീരപ്രകൃതം, പ്രത്യേകമായുള്ള മറ്റ് ശാരീരിക അടയാളലക്ഷണങ്ങൾ എന്നിവയും, കേസ് സംബന്ധിക്കുന്ന പ്രസക്ത വിവരങ്ങളും ചേർത്തിരിക്കും.**

വിക്കാറുണ്ട്. ഇവയിൽ ആദ്യത്തെ ആറെണ്ണം വർണസൂചകങ്ങളിൽ (colour codes) അറിയപ്പെടുന്നവയാണ്. red notice ഒരു അംഗരാജ്യത്തിന്റെ അഭ്യർഥനപ്രകാരം ആ രാജ്യം ഒരു കേസിൽ വിചാരണ ചെയ്യാൻ ആവശ്യപ്പെടുന്ന ആളെ അറസ്റ്റുചെയ്ത്, വിചാരണയ്ക്കായി പ്രസ്തുത രാജ്യത്തിന് വിട്ടുകൊടുക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട്, ഇന്റർപോൾ എല്ലാ അംഗരാജ്യങ്ങൾക്കും അയച്ചുകൊടുക്കുന്ന നോട്ടിസ്. ആളെ സംബന്ധിക്കുന്ന സംഗതമായ വിവരങ്ങളെല്ലാം, ആ ആൾക്കെതിരെ ഇന്റർപോൾ പുറപ്പെടുവിക്കുന്ന ഈ നോട്ടിസിൽ ചേർത്തിരിക്കും. red corner notice or red corner alert- ഒരു അം രാജ്യത്തെ കുറ്റവാളി കോടതിയുടെ അറസ്റ്റ് വാറന്റിൽ നിന്നോ, ശിക്ഷാവിധിയിൽനിന്നോ വഴുതിമാറി രാജ്യത്തുനിന്ന് രക്ഷപ്പെടുകയോ, അല്ലെങ്കിൽ കുറ്റവാളി വിദേശത്തായിക്കൊണ്ടുതന്നെ ആ രാജ്യത്തെ കുറ്റകൃത്യങ്ങളിൽ പങ്കാളിത്തം വഹിച്ച്, കോടതിയുടെ അറസ്റ്റ് വാറന്റിൽനിന്ന് ഒഴിഞ്ഞുനിൽക്കുകയോ ചെയ്യുമ്പോൾ, പ്രസ്തുത രാജ്യത്തിന്റെ ഇതിലേക്ക് നിയോഗിക്കപ്പെട്ടിട്ടുള്ള ദേശീയ കുറ്റാന്വേഷണവിഭാഗത്തിന്റെ (ഇന്ത്യയിൽ സിബിഐയുടെ) അഭ്യർഥനപ്രകാരം ഇന്റർപോൾ കുറ്റവാളിക്കെതിരെ പുറപ്പെടുവിക്കുന്നതും, അംഗരാജ്യങ്ങൾക്കെല്ലാം അയച്ചുകൊടുക്കുന്നതുമായ അറസ്റ്റ് വാറന്റിന്റെയോ, അല്ലെങ്കിൽ ശിക്ഷാവിധിയുടെയോ പകർപ്പും ആളിനെക്കുറിച്ചുള്ള സംഗതമായ വിവരണവും ഉൾക്കൊള്ളുന്ന റെഡ് നോട്ടീസ്. കുറ്റവിചാരണയ്ക്കോ അല്ലെങ്കിൽ ശിക്ഷാവിധിക്കോ വിധേയനാക്കുന്നതിനുവേണ്ടി, ആ ആളെ കണ്ടുപിടിച്ച് അറസ്റ്റുചെയ്ത് ആ രാജ്യത്തിനു വിട്ടു കൊടുക്കുന്നതിൽ, അംഗരാജ്യങ്ങളിലെ പൊലീസിനെ സഹായിക്കുകയെന്നതാണ് ഇവിടെ ഇന്റർപോളിന്റെ കർത്തവ്യം; blue notice- കുറ്റവാളിയെക്കുറിച്ചോ, കുറ്റകൃത്യവുമായി ബന്ധപ്പെട്ടുള്ള അയാളുടെ പ്രവർത്തനങ്ങളെക്കുറിച്ചോ ഉള്ള കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നതിനുവേണ്ടിയുള്ള നോട്ടീസ്; green notice കുറ്റവാളികളെക്കുറിച്ചും ഇവരുടെ പ്രവർത്തനങ്ങളെക്കുറിച്ചും ഇവർ മറ്റു രാജ്യങ്ങളിൽ കുറ്റകൃത്യങ്ങൾ ആവർത്തിക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ചും, ആ രാജ്യങ്ങൾക്ക് മുന്നറിയിപ്പും രഹസ്യവി വരങ്ങളും നൽകുന്നതിനായുള്ള നോട്ടീസ്; yellow notice -കാണാതായിട്ടുള്ളവരെ, പ്രത്യേകിച്ചും മൈനറുകളെയോ, താൻ ആരെന്ന് അറിയിക്കാനുള്ള കഴിവില്ലാത്ത മന്ദബുദ്ധികൾ, ഊമർ തുടങ്ങിയവരെയോ കണ്ടുപിടിക്കാൻ സഹായം തേടിക്കൊണ്ടുള്ള നോട്ടീസ്; black notice -തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ലാത്ത മൃതദേഹം ആരുടേതെന്ന് അറിയുന്നതിനുവേണ്ട സഹായം തേടിക്കൊണ്ടുള്ള നോട്ടീസ്, orange notice -പ്രച്ഛന്ന രൂപത്തിലുള്ള ആയുധങ്ങൾ, പാഴ്സൽ ബോംബുകൾ, അപകടകരമായ മറ്റു വസ്തുക്കൾ മുതലായവയിൽനിന്നുമുള്ള ശക്തമായ ഭീഷണിയെക്കുറിച്ച്, രാജ്യാന്തര സംഘടനകൾക്കും വിവിധ രാജ്യങ്ങളിലെ പൊലീസിനും മുന്നറിയിപ്പു നൽകിക്കൊണ്ടുള്ള നോട്ടീസ്.

Inter Pol United Nations' Special Notice- വിധ്വംസക പ്രവർത്തനങ്ങൾ തടയുന്നതിനായി ഐക്യരാഷ്ട്രസംഘടന പ്രഖ്യാപിച്ചിട്ടുള്ള ശിക്ഷാനടപടിയോ, മറ്റു നടപടികളോ സ്വീകരിക്കപ്പെട്ടിട്ടുള്ള സംഘങ്ങൾക്കും വ്യക്തികൾക്കുമെതിരെ ഇന്റർപോൾ പുറപ്പെടുവിക്കുന്ന പ്രത്യേക നോട്ടീസ്. ഐക്യരാഷ്ട്ര രക്ഷാസമിതിയുടെ അഭ്യർഥനയുടെ അടിസ്ഥാനത്തിൽ 2005ലാണ് ഈ ഇന്റർപോൾ നോട്ടീസ് രൂപംകൊണ്ടത്.

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറ: അശ്ശൂറാ

## (കൂടിയാലോചന)

(മക്കയിൽ അവതരിച്ചത്)

അധ്യായം 42

حمٓ ﴿١﴾

عٓسٓقٓ ﴿٢﴾

كَذَٰلِكَ يُوحِيٓ إِلَيۡكَ وَإِلَى ٱلَّذِينَ مِن قَبۡلِكَ ٱللَّهُ ٱلۡعَزِيزُ ٱلۡحَكِيمُ ﴿٣﴾

لَهُۥ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلۡأَرۡضِۖ وَهُوَ ٱلۡعَلِيُّ ٱلۡعَظِيمُ ﴿٤﴾

تَكَادُ ٱلسَّمَٰوَٰتُ يَتَفَطَّرۡنَ مِن فَوۡقِهِنَّۚ وَٱلۡمَلَٰٓئِكَةُ يُسَبِّحُونَ بِحَمۡدِ رَبِّهِمۡ وَيَسۡتَغۡفِرُونَ لِمَن فِي ٱلۡأَرۡضِۗ أَلَآ إِنَّ ٱللَّهَ هُوَ ٱلۡغَفُورُ ٱلرَّحِيمُ ﴿٥﴾

وَٱلَّذِينَ ٱتَّخَذُواْ مِن دُونِهِۦٓ أَوۡلِيَآءَ ٱللَّهُ حَفِيظٌ عَلَيۡهِمۡ وَمَآ أَنتَ عَلَيۡهِم بِوَكِيلٖ ﴿٦﴾

وَكَذَٰلِكَ أَوۡحَيۡنَآ إِلَيۡكَ قُرۡءَانًا عَرَبِيّٗا لِّتُنذِرَ أُمَّ ٱلۡقُرَىٰ وَمَنۡ حَوۡلَهَا وَتُنذِرَ يَوۡمَ ٱلۡجَمۡعِ لَا رَيۡبَ فِيهِۚ فَرِيقٞ فِي ٱلۡجَنَّةِ وَفَرِيقٞ فِي ٱلسَّعِيرِ ﴿٧﴾

1. ഹാമീം.
2. ഐൻസീൻക്വാഫ്.
3. അപ്രകാരം നിനക്കും നിന്റെ മുമ്പുള്ളവർക്കും പ്രതാപിയും യുക്തിമാനുമായ അല്ലാഹു ബോധനം നൽകുന്നു.
4. അവന്നാകുന്നു ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും. അവനാകുന്നു ഉന്നതനും മഹാനുമായിട്ടുള്ളവൻ.
5. ആകാശങ്ങൾ അവയുടെ ഉപരിഭാഗത്തുനിന്ന് പൊട്ടിപ്പിളരുമാറാകുന്നു. മലക്കുകൾ തങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം പ്രകീർത്തിച്ചുകൊണ്ടിരിക്കുന്നു. ഭൂമിയിലുള്ളവർക്കുവേണ്ടി അവർ പാപമോചനം തേടുകയും ചെയ്യുന്നു. അറിയുക! തീർച്ചയായും അല്ലാഹുതന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും.
6. അവനു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവരാരോ, അവരെ അല്ലാഹു സൂക്ഷ്മനിരീക്ഷണം ചെയ്തുകൊണ്ടിരിക്കുകയാകുന്നു. നീ അവരുടെ കാര്യത്തിൽ ചുമതല ഏൽപിക്കപ്പെട്ടവനേ അല്ല.
7. അപ്രകാരം നിനക്ക് നാം അറബിഭാഷയിലുള്ള ക്വുർആൻ ബോധനം നൽകിയിരിക്കുന്നു. ഉമ്മുൽക്വുറാ(മക്ക)യിലുള്ളവർക്കും അതിനു ചുറ്റുമുള്ളവർക്കും നീ താക്കീത് നൽകുവാൻ വേണ്ടിയും, സംശയരഹിതമായ സമ്മേളന ദിവസത്തെപ്പറ്റി നീ താക്കീത് നൽകുവാൻ വേണ്ടിയും. അന്ന് ഒരു വിഭാഗക്കാർ സ്വർഗത്തിലായിരിക്കും. മറ്റൊരു വിഭാഗക്കാർ കത്തിജ്വലിക്കുന്ന നരകത്തിലും.

# سُورَةُ الشُّورَىٰ

3-5). മുൻകഴിഞ്ഞ പ്രവാചകന്മാർക്കും നബിമാർക്കും വഹ്‌യ് നൽകിയതുപോലെത്തന്നെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് നബി (സ്വ)ക്ക് ഈ മഹത്തായ ക്വുർആൻ വഹ്‌യായി നൽകിയെന്നാണ് അല്ലാഹു ഇവിടെ പരാമർശിക്കുന്നത്. മുമ്പും ശേഷവും പ്രവാചകന്മാരെ നിയോഗിക്കുന്നതും വേദഗ്രന്ഥങ്ങൾ ഇറക്കുന്നതും അല്ലാഹുവിന്റെ ഔദാര്യവും കാരുണ്യവുമാണെന്നുകൂടി ഇത് വ്യക്തമാക്കുന്നു. മുഹമ്മദ് നബി(സ്വ) പ്രവാചകന്മാരിൽ പുതിയതല്ല. മുമ്പുള്ളവരുടെ വഴിതന്നെയാണ് അദ്ദേഹത്തിന്റെയും വഴി. പൂർവപ്രവാചകന്മാരുടെ സാഹചര്യങ്ങളോട് പൂർണബന്ധം പുലർത്തുന്നുണ്ട് മുഹമ്മദ് നബി(സ്വ)യുടെ സാഹചര്യം. അവർ കൊണ്ടുവന്നതിനോടത് സാദൃശ്യപ്പെടുന്നു. അവയെല്ലാം സത്യവും ശരിയുമാണ്. ഇതുവന്നതാകട്ടെ തികഞ്ഞ യുക്തിയും മഹത്തായ പ്രതാപവും ആരാധ്യതയുമുള്ളവന്റെ പക്കൽനിന്ന്. ഈ ഭൗതികലോകവും ഉപരിലോകവുമെല്ലാം അവന്റെ വിധിനിയമങ്ങൾക്കും മതനിയമങ്ങൾക്കും കീഴിലാണ്. അവനാകട്ടെ, (ഉന്നതനും) അവന്റെ സ്വന്തം കഴിവുകൊണ്ടും മഹത്ത്വം കൊണ്ടും. (മഹാനുമായിട്ടുള്ളവൻ) തന്നെ. മഹത്ത്വം കൊണ്ട് (ആകാശങ്ങൾ അവയുടെ ഉപരിഭാഗത്തുനിന്ന് പൊട്ടിപ്പിളരുമാറാകുന്നു). അപാരമായ വലുപ്പവും നിർജീവതയുള്ളതുമായിരിക്കെത്തന്നെ. (മലക്കുകൾ) ആദരണീയരും അല്ലാഹുവിന്റെ സാമീപ്യം സിദ്ധിച്ചവരും അവന്റെ മഹത്ത്വത്തിന് കീഴൊതുങ്ങിയവരും അവന്റെ പ്രതാപത്തിനു വഴങ്ങിയവരും അവന്റെ സൃഷ്ടികർതൃത്വം അംഗീകരിച്ചവരുമായവർ. (തങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം പ്രകീർത്തിച്ചുകൊണ്ടിരിക്കുന്നു) എല്ലാ ന്യൂനതകളിൽനിന്നും അവനെ അവർ മഹത്ത്വപ്പെടുത്തുന്നു. എല്ലാ പൂർണതയും അവനിൽ വിശേഷിപ്പിക്കുന്നു. (ഭൂമിയിലുള്ളവർക്കുവേണ്ടി അവർ പാപമോചനം തേടുകയും ചെയ്യുന്നു) അല്ലാഹുവിന്റെ മഹത്ത്വത്തിനും പ്രതാപത്തിനും യോജിക്കാത്ത എന്തെല്ലാം കാര്യങ്ങൾ ഭൂമിയിലുള്ളവരിൽ നിന്നുണ്ടാകുന്നുണ്ടോ അതിനെല്ലാം. അവൻ (ഏറെ പൊറുക്കുന്നവും കരുണാനിധിയുമാണ്). അവന്റെ കാരുണ്യവും പാപമോചനവും ഇല്ലായിരുന്നുവെങ്കിൽ പാടെ ഇല്ലാതാക്കുന്ന ശിക്ഷകൾ പടപ്പുകൾക്ക് പെയ്തിറങ്ങുമായിരുന്നു.

പ്രവാചകന്മാർക്ക് പൊതുവായി നൽകിയ വഹ്‌യിനെക്കുറിച്ചും മുഹമ്മദ് നബി(സ്വ)ക്ക് പ്രത്യേകമായി നൽകിയതിനെക്കുറിച്ചും പരാമർശിച്ചശേഷം അല്ലാഹു ഈ വിശേഷണങ്ങളെല്ലാം വിശേഷിപ്പിച്ചതിലുള്ള സൂചന, അല്ലാഹുവിന്റെ പൂർണതയെക്കുറിച്ചുള്ള വ്യക്തമായ വചനങ്ങളും തെളിവുകളും രേഖകളും ഈ വിശുദ്ധ ക്വുർആനിൽ ഉണ്ടെന്നതാണ്. അല്ലാഹുവിന്റെ മഹത്തായ നാമങ്ങൾ പറഞ്ഞതാവട്ടെ അവനെക്കുറിച്ചുള്ള അറിവും സ്നേഹവും മഹത്ത്വവും ആദരവും ഹൃദയങ്ങളിൽ നിറയ്ക്കുന്നതിനുവേണ്ടിയുമാണ്.

അതോടൊപ്പം പ്രത്യക്ഷവും പരോക്ഷവുമായ സർവ ആരാധനകളും അവനിലേക്ക് തിരിച്ചുവിടണമെന്നുമാണ്. ഏറ്റവും വലിയ അക്രമവും തിന്മ നിറഞ്ഞ വാക്കും അവനുപുറമെ സമന്മാരെ സ്വീകരിക്കലാണ്. അവരുട അടുക്കൽ യാതൊരുവിധ ഉപകാരവും ഉപദ്രവവുമില്ല. മറിച്ച്, അവർ അല്ലാഹുവിനെ ആശ്രയിക്കുന്ന സൃഷ്ടികൾ മാത്രമാണ്.

6). അതാണ് അല്ലാഹു തുടർന്നു പറഞ്ഞത്:(അവനു പുറമെ രക്ഷാധികാരികളെ സ്വീകരിക്കുന്നവരാരോ അവർ) ആരാധനയ്ക്കും അനുസരണത്തിനുമുള്ള രക്ഷാധികാരി. അല്ലാഹുവിനെ ആരാധിക്കുകയും അനുസരിക്കുകയും ചെയ്യുന്നപോലെ. യഥാർഥത്തിൽ അവർ രക്ഷാധികാരികളല്ല. (അവരെ അല്ലാഹു സൂക്ഷ്മനിരീക്ഷണം ചെയ്തുകൊണ്ടിരിക്കുകയാകുന്നു) അവരുടെ പ്രവർത്തനങ്ങളെ അവൻ നിരീക്ഷിക്കുകയും നന്മയ്ക്കും തിന്മയ്ക്കും അതിന്റെതായ പ്രതിഫലം നൽകുകയും ചെയ്യുന്നു. (നീ അവരുടെ കാര്യത്തിൽ ചുമതല ഏൽപിക്കപ്പെട്ടവനേ അല്ല). അങ്ങനെയാണെങ്കിൽ അവരുടെ പ്രവർത്തനങ്ങളെപ്പറ്റി നീ ചോദിക്കപ്പെടുമായിരുന്നു. മറിച്ച്, നീ ദൗത്യം നിർവഹിച്ച ഒരു പ്രബോധകൻ മാത്രമാകുന്നു.

7). ക്വുർആൻ ഇറക്കിയത് പ്രവാചകനും ജനങ്ങൾക്കും അല്ലാഹു ചെയ്ത ഒരു അനുഗ്രഹമായി തുടർന്ന് എടുത്തുപറയുകയാണ്. (അറബി ഭാഷയിലുള്ള ക്വുർആൻ) പദങ്ങളും ആശയങ്ങളും വ്യക്തതയുള്ള. (ഉമ്മുൽക്വുറായിലുള്ളവർക്ക് താക്കീത് നൽകുവാൻ) അത് പരിശുദ്ധമക്കയാണ്. (അതിന് ചുറ്റുമുള്ളവർക്കും) അറേബ്യൻ നാടുകൾ, തുടർന്ന് മറ്റു ജനങ്ങളിലേക്കും ഈ താക്കീതെത്തണം. (നീ താക്കീതു നൽകാൻ) ജനങ്ങളെ. (സമ്മേളന ദിവസത്തെപ്പറ്റി) ആദ്യതലമുറകളെയും പിന്നീട് വരുന്നവരെയുമെല്ലാം. അവരെ അറിയിക്കുകയും ചെയ്യണം. അത് (അതിൽ സംശയമില്ല). അന്ന് പടപ്പുകൾ രണ്ടായി ത്തിരിയും. (ഒരുവിഭാഗം സ്വർഗത്തിലായിരിക്കും) അല്ലാഹുവിൽ വിശ്വസിക്കുകയും പ്രവാചകന്മാരെ സത്യപ്പെടുത്തുകയും ചെയ്തവർ. (മറ്റൊരു വിഭാഗക്കാർ കത്തിജ്വലിക്കുന്ന നരകത്തിലും) കളവാക്കിയവരും നിഷേധികളുമായവർ.

ലേഖനം



വിധി തേടുന്ന ഹിജാബും
കോടതിയിലെ വാദങ്ങളും - 9

# ദുഷ്യന്ത് ദവെയുടെ പ്രൗഢമായ ഉപസംഹാരം

സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676

**ലോകത്തെ സഹിഷ്ണുതയെയും സർവരെയും സ്വീകരിക്കുക എന്ന ഉൾക്കൊള്ളലിനെയും പഠിപ്പിച്ച ഒരു മതത്തിൽ അംഗമായതിൽ ഞാൻ അഭിമാനിക്കുന്നു. എല്ലാ മതങ്ങളെയും നാം അംഗീകരിക്കുന്നു. പീഡിപ്പിക്കപ്പെട്ട എല്ലാവരെയും ചേർത്തുനിർത്തുന്ന ഒരു രാജ്യത്തിന്റെ പൗരനായതിൽ ഞാൻ അഭിമാനം കൊള്ളുന്നു. വിഭാഗീയത, മതഭ്രാന്ത്, വിഭാഗീയതയോടുള്ള ഭ്രാന്തമായ ആവേശം തുടങ്ങിയവ ഈ മനോഹരമായ ഭൂമിയെ പണ്ടേ കൈവശപ്പെടുത്തിയിട്ടുണ്ട്. അവ ഭൂമിയിൽ അക്രമം നിറച്ചു, മനുഷ്യരക്തം കൊണ്ട് ഭൂമിയെ നനച്ചു; നാഗരികതയെ നശിപ്പിക്കുകയും ചെയ്തു.'**
**-സ്വാമി വിവേകാനന്ദൻ**

ശിരോവസ്ത്രം നിരോധിച്ച കർണാടക സർക്കാറിന്റെ തീരുമാനത്തെയും അതിന് അനുകൂലമായി വിധി പറഞ്ഞ കർണാടക ഹൈക്കോടതി നടപടിയെയും തന്റെ അഗാധമായ നിയമപരിജ്ഞാനവും അനുഭവസമ്പത്തും ഉപയോഗപ്പെടുത്തിക്കൊണ്ട് വളരെ പ്രൗഢമായ അവതരണത്തിലൂടെ ദുഷ്യന്ത് ദവെ ഏവരുടെയും ശ്രദ്ധ പിടിച്ചുപറ്റി. അദ്ദേഹത്തിന്റെ തുടർവാദങ്ങളുടെ സംഗ്രഹം താഴെ നൽകുന്നു:

**ബിജോ ഇമ്മാനുവൽ കേസിന്റെ പ്രസക്തി**

ദേശീയഗാനവുമായി ബന്ധപ്പെട്ട ബിജോ ഇമ്മാനുവൽ വിധി രണ്ട് കാരണങ്ങളാൽ പ്രധാനമാണ്. 25ാം അനുച്ഛേദത്തിന് വ്യക്തമായ വ്യാഖ്യാനം നൽകുന്നു എന്നതാണ് ഒന്ന്. ശിരോവസ്ത്ര നിരോധന വിവാദത്തിലെ കേന്ദ്രബിന്ദുവായ കർണാടക വിദ്യാഭ്യാസ നിയമത്തെ പോലെത്തന്നെ പ്രധാനമായ കേരള വിദ്യാഭ്യാസ നിയമത്തിനും പ്രസ്തുത വിധി കൃത്യമായ വ്യാഖ്യാനം നൽകുന്നു എന്നതാണ് രണ്ടാമത്തേത്.

ഒരു പൗരന്റെ മതകാരണങ്ങളാലുള്ള എതിർപ്പ് അവഗണിച്ച് ദേശീയഗാനം ആലപിക്കാൻ ഓരോ വിദ്യാർഥിയെയും നിർബന്ധിക്കുന്ന തരത്തിൽ സർക്കാർ സർക്കുലറുകൾ ഇറക്കുന്നത് മൗലികാവകാശങ്ങൾക്ക് കടകവിരുദ്ധമാണ് എന്ന് പ്രസ്തുത വിധി പഠിപ്പിക്കുന്നു. ഭരണഘടനയിലെ വിശ്വാസവുമായി ബന്ധപ്പെട്ട അനുച്ഛേദമാണ് 25ാം അനുച്ഛേദം. ആരാലും ഗൗനിക്കപ്പെടാത്ത ചെറുന്യൂനപക്ഷമാണെങ്കിൽ പോലും അവർക്ക് അവരുടെ സ്വത്വം (Identtiy) ഉയർത്തിപ്പിടിക്കാൻ സാധിക്കണം എന്ന തത്ത്വത്തിന്മേലാണ് പ്രസ്തുത അനുച്ഛേദം പടുത്തുയർത്തപ്പെട്ടിട്ടുള്ളത്. അത് മതസഹിഷ്ണുതയുമായി ബന്ധപ്പെട്ട അനുച്ഛേദം കൂടിയാണ്.

**ഭരണഘടനാ നിർമാണ ചർച്ചകളിലെ വ്യക്തിപരമായ അഭിപ്രായങ്ങൾക്ക് ഭരണഘടന രൂപംകൊണ്ടതിന് ശേഷം എന്തു പ്രസക്തി എന്നായിരുന്നു അദ്ദേഹത്തിന്റെ ചോദ്യം. ഭരണഘടനയെ മനസ്സിലാക്കുന്നതിനാവശ്യമായ ചിന്തകളെ ഉദ്ദീപിപ്പിക്കുന്നതിന് അത് അനിവാര്യമാണെന്നായിരുന്നു ദുഷ്യന്ത് ദവെയുടെ മറുപടി. ഭരണഘടനാ ശില്പികളുടെ ഉദ്ദേശ്യം, ചിന്ത, ആശയങ്ങൾ എന്നിവ മനസ്സിലാക്കാൻ അവ ഒഴിച്ചുകൂടാൻ സാധിക്കാത്ത വിജ്ഞാനങ്ങളാണെന്നും അദ്ദേഹം പറഞ്ഞു. ഉദ്ദേശ്യങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്നതിന് വേണ്ടിയുള്ള വ്യാഖ്യാനങ്ങൾ നല്ലതാണെന്ന് ജസ്റ്റിസ് ധൂലിയയും കൂട്ടിച്ചേർത്തു. ഭരണഘടനാ അസംബ്ലിയിലെ ചർച്ചകൾ നിർണായകമല്ലെന്ന് പറഞ്ഞാൽ പോലും അവ ഉദ്ദേശ്യങ്ങളിലേക്ക് വെളിച്ചം വീശുമെന്ന് പ്രസിദ്ധമായ കേശവാനന്ദ ഭാരതി വിധിയിലെ വരികൾ ഉദ്ധരിച്ചുകൊണ്ട് ദവെ സമർഥിച്ചു.**

**യൂണിഫോം അനിവാര്യമോ?**


സമൂഹത്തിലെ മഹാഭൂരിപക്ഷത്തിനും ഒരു ഭാരമാണ് യൂണിഫോം ഡ്രസ്സ് കോഡ് എന്നും പലരും അത് പണം കൊടുത്ത് വാങ്ങിക്കാൻ കഷ്ടപ്പെടുന്നു എന്നും ദവെ ചൂണ്ടിക്കാട്ടിയപ്പോൾ യൂണിഫോം ഒരു സമൂഹത്തിലെ സാമ്പത്തിക അസമത്വത്തെ മറച്ചുപിടിക്കുന്ന ഒരു ഉപകരണമാണെന്നായിരുന്നു ജസ്റ്റിസ് ഗുപ്തയുടെ പ്രതികരണം. മികച്ച സംഘടനയായി അറിയപ്പെടുന്ന ആർ.എസ്.എസിന് യൂണിഫോമും തൊപ്പിയുമുണ്ടെന്ന് ദവെ ചൂണ്ടിക്കാട്ടി. യൂണിഫോമിന്റെ കൂടെ ശിരോവസ്ത്രം അനുവദിക്കണമോ എന്നതാണ് നമ്മുടെ വിഷയം എന്ന് ഗുപ്ത ഓർമിപ്പിച്ചപ്പോൾ മുസ്‌ലിം പെൺകുട്ടികൾക്ക് അത് അനിവാര്യമാണെന്ന് ദവെ മറുപടി നൽകി.

**ഭരണഘടനാ ചർച്ചകളുടെ പ്രസക്തി**

ചർച്ച വീണ്ടും ഭരണഘടനാ അസംബ്ലിയിലെ ചർച്ചകളിലേക്ക് പോയപ്പോൾ ഗുപ്ത വീണ്ടും ഇടപെട്ടു. ഭരണഘടനാ നിർമാണ ചർച്ചകളിലെ വ്യക്തിപരമായ അഭിപ്രായങ്ങൾക്ക് ഭരണഘടന രൂപംകൊണ്ടതിന് ശേഷം എന്തു പ്രസക്തി എന്നായിരുന്നു അദ്ദേഹത്തിന്റെ ചോദ്യം. ഭരണഘടനയെ മനസ്സിലാക്കുന്നതിനാവശ്യമായ ചിന്തകളെ ഉദ്ദീപിപ്പിക്കുന്നതിന് അത് അനിവാര്യമാണെന്നായിരുന്നു ദുഷ്യന്ത് ദവെയുടെ മറുപടി. ഭരണഘടനാ ശില്പികളുടെ ഉദ്ദേശ്യം, ചിന്ത, ആശയങ്ങൾ എന്നിവ മനസ്സിലാക്കാൻ അവ ഒഴിച്ചുകൂടാൻ സാധിക്കാത്ത വിജ്ഞാനങ്ങളാണെന്നും അദ്ദേഹം പറഞ്ഞു. ഉദ്ദേശ്യങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്നതിന് വേണ്ടിയുള്ള വ്യാഖ്യാനങ്ങൾ നല്ലതാണെന്ന് ജസ്റ്റിസ് ധൂലിയയും കൂട്ടിച്ചേർത്തു. ഭരണഘടനാ അസംബ്ലിയിലെ ചർച്ചകൾ നിർണായകമല്ലെന്ന് പറഞ്ഞാൽ പോലും അവ ഉദ്ദേശ്യങ്ങളിലേക്ക് വെളിച്ചം വീശുമെന്ന് പ്രസിദ്ധമായ കേശവാനന്ദ ഭാരതി വിധിയിലെ വരികൾ ഉദ്ധരിച്ചുകൊണ്ട് ദവെ സമർഥിച്ചു.

ഭരണഘടനാ അസംബ്ലിയിൽ 240 അംഗങ്ങളുണ്ടായിരുന്നു, ഓരോ അംഗവും ഒരു അഭിപ്രായത്തെ പ്രതിനിധീകരിക്കുന്നു. അത് ഒരു കൂട്ടായ വീക്ഷണമായി എടുക്കാൻ സാധിക്കുമോ,





ആത്യന്തികമായി ഭരണഘടന നൽകുന്ന നിർവചനം അനുസരിച്ചല്ലേ നാം പോകേണ്ടത് എന്നായിരുന്നു ഗുപ്തയുടെ ആവർത്തിച്ചുള്ള ചോദ്യം. 25ാം അനുച്ഛേദം വളരെ വ്യക്തമാണെന്നും ഭരണഘടനാ അസംബ്ലിയിലെ ചർച്ചകൾ അതിനെ സിമന്റിട്ട് ഉറപ്പിക്കുകയാണെന്നും ദവെ പ്രതികരിച്ചു.

### ശബരിമല വിധിയും തെറ്റിദ്ധരിപ്പിക്കലും

മതപരമായ അവകാശങ്ങളെ അനുവദിക്കാൻ സാധിക്കില്ലെന്ന് പറയാൻ കർണാടക ഹൈക്കോടതി ശബരിമല കേസിനെ മാത്രം ഉദ്ധരിക്കുകയാണ് ചെയ്തിട്ടുള്ളത്. ശബരിമലയിൽ സ്ത്രീകൾക്ക് പ്രവേശനം അനുവദിക്കണമെന്ന ഹരജിയിൽ 2018ൽ സുപ്രീംകോടതി അനുകൂലമായി വിധിക്കുകയുണ്ടായി. ഈ വിധി നിലനിൽക്കുന്ന മതാചാരങ്ങൾ അനുവദിക്കൽ അനിവാര്യമല്ല എന്ന് സ്ഥാപിക്കുകയാണ് ചെയ്യുന്നത് എന്ന നിഗമനത്തിലാണ് കർണാടക ഹൈക്കോടതി എത്തിയിരിക്കുന്നത്. എന്നാൽ ഈ വിധിക്കെതിരെ സുപ്രീം കോടതിയിൽ റിവ്യൂ പെറ്റിഷൻ പോയിട്ടുണ്ടെന്നും അത് ഒമ്പതംഗ വിശാല ബെഞ്ചിന്റെ പരിഗണയിലാണെന്നുമുള്ള കാര്യം കർണാടക മറച്ചുപിടിക്കുകയാണ് ചെയ്തിട്ടുള്ളത്. വിശാല ബെഞ്ചിന് മുമ്പിലുള്ള കേസുകളെ സാധാരണനിലയിൽ ന്യായാധിപന്മാർ അവലംബിക്കാറില്ല.

> ശബരിമല വിഷയത്തിൽ ചില പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ സ്ത്രീകളുടെ പ്രവേശനം തടഞ്ഞു എന്നതായിരുന്നു പ്രശ്നം. അത് ഒരു വിഭാഗത്തിന്റെ അവകാശത്തെ ബാധിച്ചു എന്ന് വേണമെങ്കിൽ വാദിക്കാം. എന്നാൽ ഇവിടെ വിഷയം നേരെ തിരിച്ചാണ്. ശിരോവസ്ത്രം ഒരു വിഭാഗം അണിയുന്നത് ആരുടെ അവകാശത്തെയാണ് ഹനിക്കുന്നത്? അതുകൊണ്ട് അത് രണ്ടും തുല്യമാണെന്ന് പറയാൻ സാധിക്കില്ല. എന്നാൽ ശബരിമല വിഷയം ആർട്ടിക്കിൾ 15 മായി ബന്ധപ്പെട്ട കാര്യമല്ലേ എന്ന് ജസ്റ്റിസ് ഗുപ്ത ചോദിച്ചപ്പോൾ, അല്ല അത് ആർട്ടിക്കിൾ 25 മായി ബന്ധപ്പെട്ടതാണെന്ന് കോടതി തന്നെ വ്യക്തമാക്കിയിട്ടുണ്ട് എന്ന് ദവെ തിരിച്ചടിച്ചു.

### എസെൻഷ്യൽ ആണെന്ന് തെളിയിക്കണമെന്നോ?

ഒരു വ്യക്തിയുടെ മതപരമായ അവകാശത്തിനായി ആർട്ടിക്കിൾ 25 ഉയർത്തിക്കാണിക്കുമ്പോൾ അയാൾ അത് എസെൻഷ്യൽ റിലീജിയസ് പ്രാക്ടീസ് ആണെന്നും ഭരണഘടനാ ധാർമികതയുമായി (Con-stitutional moraltiy) അത് ബന്ധപ്പെടുന്നുണ്ടെന്നും തെളിയിക്കണമെന്ന കർണാടക ഹൈക്കോടതിയുടെ അഭിപ്രായം എന്താണ് അർഥമാക്കുന്നത് എന്ന് ജസ്റ്റിസ് ധൂലിയ ചോദിച്ചപ്പോൾ അതിൽ ഇടപെട്ടത് ജസ്റ്റിസ് ഗുപ്തയായിരുന്നു. എസെൻഷ്യൽ റിലീജിയസ് പ്രാക്ടീസ് ഭരണഘടനാ അവകാശങ്ങളെ ലംഘിക്കുന്നുവെങ്കിൽ അത്തരം പ്രാക്ടീസുകൾക്ക് സംരക്ഷണം നൽകില്ല എന്ന കാരണത്താലാകും കോടതി അങ്ങനെ പറഞ്ഞത് എന്നായിരുന്നു അദ്ദേഹത്തിന്റെ വിശദീകരണം.

### ആരുടെയും അവകാശം ഹനിക്കുന്നില്ല

ശബരിമല വിഷയത്തിൽ ചില പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ സ്ത്രീകളുടെ പ്രവേശനം തടഞ്ഞു എന്നതായിരുന്നു പ്രശ്നം. അത് ഒരു വിഭാഗത്തിന്റെ അവകാ

ശത്തെ ബാധിച്ചു എന്ന് വേണ മെങ്കിൽ വാദിക്കാം. എന്നാൽ ഇവിടെ വിഷയം നേരെ തിരിച്ചാ ണ്. ശിരോവസ്ത്രം ഒരു വിഭാഗം അണിയുന്നത് ആരുടെ അവകാശ ത്തെയാണ് ഹനിക്കുന്നത്? അതു കൊണ്ട് അത് രണ്ടും തുല്യമാണെ ന്ന് പറയാൻ സാധിക്കില്ല. എന്നാൽ ശബരിമല വിഷയം ആർട്ടിക്കിൾ 15 മായി ബന്ധപ്പെട്ട കാര്യമല്ലേ എന്ന് ജസ്റ്റിസ് ഗുപ്ത ചോദിച്ചപ്പോൾ, അല്ല അത് ആർട്ടിക്കിൾ 25 മായി ബന്ധ പ്പെട്ടതാണെന്ന് കോടതി തന്നെ വ്യക്തമാക്കിയിട്ടുണ്ട് എന്ന് ദവെ തിരിച്ചടിച്ചു.

മതസ്വാതന്ത്ര്യവുമായി ബന്ധ പ്പെട്ട ആർട്ടിക്കിൾ 25ൽ നിബന്ധ നകളായി പറഞ്ഞത് മൂന്നു കാര്യ ങ്ങളാണ്. പൊതുക്രമസമാധാനം, ആരോഗ്യം, സദാചാരം എന്നിവ യാണവ. ശിരോവസ്ത്ര നിരോധന വിഷയത്തിൽ ആരോഗ്യവും സദാ ചാരവുമല്ല, പൊതുക്രമസമാധാ നമാണ് ഒരു വിഷയമായി പറയു ന്നത്. Public Order എന്നതിന്റെ വിവക്ഷ ക്രമസമാധാനം, സുരക്ഷ, സ്വസ്ഥത എന്നിങ്ങനെയാണെ ന്ന് 1960ലെ സൂപ്രണ്ട് ജനറൽ റാം മനോഹർ ലോഹ്യ കേസിൽ സുപ്രീം കോടതി വ്യക്തമാക്കിയി ട്ടുണ്ട്. ശിരോവസ്ത്ര വിഷയത്തിൽ ഒരാളുടെയും ക്രമസമാധാനവും സുരക്ഷയും സ്വസ്ഥതയും തകർ ക്കപ്പെട്ടിട്ടില്ല എന്നത് എല്ലാവർ ക്കും അറിയാവുന്ന കാര്യമാണ്.

### 14,19,21,25 അനുച്ഛേദങ്ങൾ ഒരുമിച്ച് ബാധകം

2007ലെ ഐ.ആർ.കൊയ്ലോ സ്റ്റേറ്റ് ഓഫ് തമിഴ്നാട് കേസിന്റെ വിധിയിൽ സുപ്രീം കോടതി അനു ച്ഛേദങ്ങളായ 14,19,21 എന്നിവ ഒരു മിച്ച് പ്രയോഗിക്കാമെന്ന് വിധി നൽകിയിട്ടുണ്ട്. ഹിജാബ് അല്ലെ ങ്കിൽ ശിരോവസ്ത്രം മുസ്ലിം പെൺകുട്ടികളെ സംബന്ധിച്ച് അഭിമാനമാണ്. നമ്മുടെ ഭരണഘ ടനയുടെ ആർട്ടിക്കിൾ 21 ഓരോ രുത്തരുടെയും അന്തസ്സ് (dignity) ഉറപ്പുവരുത്തുന്നതാണ്. അതു കൊണ്ട് ശിരോ വസ്ത്രം ആർട്ടി ക്കിൾ 21 ന്റെ ഭാഗം കൂടിയാണ്. ചില ഹൈന്ദവ സ്ത്രീകളും അവരുടെ മാന്യതയുടെ ഭാഗമായി തല മറക്കാറുണ്ട്. ആർട്ടിക്കിൾ 21 പറയുന്ന ജീവിക്കാനുള്ള അവകാശം എന്നതുകൊണ്ടുള്ള ഉദ്ദേശ്യം അന്തസ്സോടെ ജീവിക്കാ നുള്ള അവകാശമാണെന്ന് 978 ലെ മനേകാ ഗാന്ധി യൂണിയൻ ഓഫ് ഇന്ത്യ കേസിലും പുട്ടസ്വാ മി കേസിലും സുപ്രീം കോടതി വ്യ ക്തമാക്കിയിട്ടുണ്ട്.

**കർണാടക വിദ്യാഭ്യാസ ആക്റ്റിന് കടകവിരുദ്ധമായ സർക്കാർ സർക്കുലറിന് നിയമപരമായ പരിരക്ഷ ലഭിക്കില്ല. കേരള ഹൈക്കോടതി വിധി ഈ വിഷയത്തിൽ ശിരോവസ്ത്രത്തിന് അനുകൂലമാണ്. ഈ വിധിയൊന്നും ഹൈക്കോടതി പരിഗണിച്ചില്ല. പകരം മൂന്ന് പഴയ വിധികൾ സർക്കാരിന് അതിൽ ചേർത്തിട്ടുണ്ട്. എന്നാൽ അതിൽ ഒന്ന്, ശിരോവസ്ത്രം നിരോധിച്ചത് പെൺകുട്ടികൾ മാത്രം പഠിക്കുന്ന സ്കൂളിലാണ്. മറ്റൊന്ന് ക്രിസ്ത്യൻ അൺഎയ്ഡഡ് കോൺവെന്റ് സ്കൂളാണ്. മൂന്നാമത്തേതാവട്ടെ അതിൽ ശിരോവസ്ത്രത്തെ കുറിച്ച് പരാമർശമില്ല. ഇവ എങ്ങനെയാണ് ശിരോവസ്ത്ര നിരോധനത്തിന് ഹൈക്കോടതി അനുകൂലമായി സ്വീകരിച്ചത് എന്നത് മനസ്സിലാവുന്നില്ല.**

### ധൃതിപിടിച്ച നടപടികൾ എന്തിന്?

സ്വാതന്ത്ര്യം ലഭിച്ച് 75 വർഷം കഴിയുമ്പോൾ ഇതുവരെയില്ലാത്ത ഒരു നിരോധനം എന്തുകൊണ്ട് പെട്ടെന്ന് കടന്നുവരുന്നു? നിയമ ങ്ങളെ ദുരുദ്ദേശ്യപൂർവം സമീപി ക്കുന്ന പ്രവണതകൊണ്ടാണ് ഇത് സംഭവിക്കുന്നത്. കർണാടകയിൽ മുസ്ലിം ന്യൂനപക്ഷം ആക്രമിക്ക പ്പെട്ടുകൊണ്ടിരിക്കുന്ന സംഭവപര മ്പരകൾ ധാരാളമാണ്. ഒരു ക്ഷേ ത്രത്തിന് സമീപത്ത് വിൽപന നടത്താൻ പോലും ഒരു മുസ്ലി മിനെ അനുവദിക്കാത്ത വിധം അക്രമങ്ങൾ അരങ്ങേറുകയാണ്. കർണാടക വിദ്യാഭ്യാസ ആക്റ്റി ന് കടകവിരുദ്ധമായ സർക്കാർ സർക്കുലറിന് നിയമപരമായ പരിര ക്ഷ ലഭിക്കില്ല. കേരള ഹൈക്കോട തി വിധി ഈ വിഷയത്തിൽ ശിരോ വസ്ത്രത്തിന് അനുകൂലമാണ്. ഈ വിധിയൊന്നും ഹൈക്കോടതി പരിഗണിച്ചില്ല. പകരം മൂന്ന് പഴയ വിധികൾ സർക്കാരിന് അതിൽ



ചേർത്തിട്ടുണ്ട്. എന്നാൽ അതിൽ ഒന്ന്, ശിരോവസ്ത്രം നിരോധിച്ചത് പെൺകുട്ടികൾ മാത്രം പഠിക്കുന്ന സ്കൂളിലാണ്. മറ്റൊന്ന് ക്രിസ്ത്യൻ അൺഎയ്ഡഡ് കോൺവെന്റ് സ്കൂളാണ്. മൂന്നാമത്തേതാവട്ടെ അതിൽ ശിരോവസ്ത്രത്തെ കുറിച്ച് പരാമർശമില്ല. ഇവ എങ്ങനെയാണ് ശിരോവസ്ത്ര നിരോധനത്തിന് ഹൈക്കോടതി അനുകൂലമായി സ്വീകരിച്ചത് എന്നത് മനസ്സിലാവുന്നില്ല.

**സ്കൂളുകളെ സേനകളോട് ഉപമിക്കുകയോ?**

എയർഫോഴ്സിൽ പ്രവർത്തിക്കുന്ന മുസ്‌ലിംകൾക്ക് വിശ്വാസത്തിന്റെ ഭാഗമായ താടിവയ്ക്കാൻ പാടില്ല എന്ന നിയമം ഹൈക്കോടതി വിധിയിൽ കാണുന്നു. എന്നാൽ ഈ നിയമം ഒരു പൂർണമായ അച്ചടക്കം ആവശ്യമായ ഒരു പ്രത്യേക വിഭാഗത്തിനാണ് എന്ന കാര്യം മറച്ചുവയ്ക്കുന്നു. വിദ്യാലയങ്ങൾ അതുപോലെയല്ല, അത് പൊതുയിടമാണ്. 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർഥികൾ ഒരു റെജിമെന്റ് സേന പോലെയല്ല. അവർ സ്വതന്ത്ര അന്തരീക്ഷത്തിൽ പഠിക്കുന്ന വിദ്യാർഥികളാണ്. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്ന് അന്താരാഷ്ട്ര കൺവെൻഷനുകളുടെ ലംഘനമാണ് കർണാടകയിൽ നടക്കുന്നത്.

**വിവേകാനന്ദനും ടാഗോറും പറഞ്ഞത്**

സ്വാമി വിവേകാനന്ദന്റെ ചിക്കാഗോ പ്രസംഗത്തിൽ ഹൈന്ദവ രീതികളെ കുറിച്ച് അദ്ദേഹം പറയുന്നത് നാം ഓർക്കേണ്ടതാണ്: 'ലോകത്തെ സഹിഷ്ണുതയെയും സർവരെയും സ്വീകരിക്കുക എന്ന ഉൾക്കൊള്ളലിനെയും പഠിപ്പിച്ച ഒരു മതത്തിൽ അംഗമായതിൽ ഞാൻ അഭിമാനിക്കുന്നു. എല്ലാ മതങ്ങളെയും നാം അംഗീകരിക്കുന്നു. പീഡിപ്പിക്കപ്പെട്ട എല്ലാവരെയും ചേർത്തുനിർത്തുന്ന ഒരു രാജ്യത്തിന്റെ പൗരനായതിൽ ഞാൻ അഭിമാനം കൊള്ളുന്നു. വിഭാഗീയത, മതഭ്രാന്ത്, വിഭാഗീയതയോടുള്ള ഭ്രാന്തമായ ആവേശം തുടങ്ങിയവ ഈ മനോഹരമായ ഭൂമിയെ പണ്ടേ കൈവശപ്പെടുത്തിയിട്ടുണ്ട്. അവ ഭൂമിയിൽ അക്രമം നിറച്ചു, മനുഷ്യരക്തം കൊണ്ട് ഭൂമിയെ നനച്ചു; നാഗരികതയെ നശിപ്പിക്കുകയും ചെയ്തു.'



**കർണാടക ഹൈക്കോടതിക്ക് വലിയ പിഴവാണ് സംഭവിച്ചിരിക്കുന്നത്. കർണാടകയുടെ വിധി അശേഷം നിലനിൽക്കുന്നതല്ല, ആക്ഷേപാർഹമായ സർക്കാർ സർക്കുലർ ഭരണഘടനാ വിരുദ്ധമാണ്; നിയമവിരുദ്ധവുമാണ്. നിയമത്തെ ദുരുദ്ദേശ്യപൂർവം ദുരുപയോഗം ചെയ്തുകൊണ്ട് പുറപ്പെടുവിച്ച സർക്കുലർ ഭരണഘടനയുടെ 14, 19, 21, 25 എന്നീ അനുച്ഛേദങ്ങളെ ലംഘിക്കുന്നതുമാണ്.**

ടാഗോർ പറഞ്ഞത് എന്താണെന്ന് നാം അനുസ്മരിക്കേണ്ടതില്ലേ? 'ഭയമില്ലാത്ത ഒരു ലോകത്താണ് നാം ദിവസവും ഉണരേണ്ടത്. ജനങ്ങളിൽ ഭീതി വളർത്തുന്ന യാതൊന്നും ഉണ്ടാവാൻ പാടില്ല.'

**കർണാടകക്ക് സംഭവിച്ച പിഴവ് തിരുത്തണം**

കർണാടക ഹൈക്കോടതിക്ക് വലിയ പിഴവാണ് സംഭവിച്ചിരിക്കുന്നത്. കർണാടകയുടെ വിധി അശേഷം നിലനിൽക്കുന്നതല്ല, ആക്ഷേപാർഹമായ സർക്കാർ സർക്കുലർ ഭരണഘടനാ വിരുദ്ധമാണ്; നിയമവിരുദ്ധവുമാണ്. നിയമത്തെ ദുരുദ്ദേശ്യപൂർവം ദുരുപയോഗം ചെയ്തുകൊണ്ട് പുറപ്പെടുവിച്ച സർക്കുലർ ഭരണഘടനയുടെ 14, 19, 21, 25 എന്നീ അനുച്ഛേദങ്ങളെ ലംഘിക്കുന്നതുമാണ്.

വളരെ സമഗ്രവും പ്രൗഢവുമായിരുന്നു രണ്ടു ദിവസം നീണ്ടുനിന്ന ദുഷ്യന്ത് ദവെയുടെ വാദങ്ങൾ. അദ്ദേഹം അവസാനിപ്പിച്ചതോടെ ഹരജിക്കാർക്ക് വേണ്ടിയുള്ള വാദങ്ങൾ പൂർത്തിയായി.

**(തുടരും)**

*അടുത്ത ലക്കത്തിൽ:*
**സോളിസിറ്റർ ജനറലുടെ ദുർബല വാദങ്ങൾ**

കവിത

# ലഹരി പുകയുന്ന കലാലയങ്ങൾ



ശാകിറ ടി.കെ, കൊല്ലം

കലാലയങ്ങൾക്കിപ്പോൾ
ലഹരിയുടെ മണമാണ്
നനുത്ത സൗഹൃദങ്ങളുടെ
ചുവരെഴുത്തുകളിന്ന്
അശ്ലീലതക്ക്
വഴിമാറിയിരിക്കുന്നു
നടവഴികളിലെ
തണൽ മരങ്ങൾ
കരിഞ്ഞുണങ്ങിയിരിക്കുന്നു
കരം പിടിച്ച് വഴികാട്ടിയോർ
ഭയപ്പാടോടെ ഉൾവലിയുന്നു.
നിഷ്കളങ്കത തളംകെട്ടിനിന്ന
നടുമുറ്റങ്ങളിലിന്ന്
ചോരയുടെ മണമാണ്
ഒഴിവുനേരങ്ങൾ ചെലവിട്ട
മരത്തണലുകളിൽ
നുരഞ്ഞുപൊന്തുന്ന
ഉൻമാദ നൃത്തങ്ങളാണ്
കിളികളുടെ കുറുകലും
മരച്ചില്ലകളുടെ സംഗീതവും
മനപ്പൂർവം മറന്നുവെച്ച്
പുകച്ചുരുളുകളാൽ
ചീട്ടുകൊട്ടാരം പണിയുന്നവർ
സ്വന്തം നാശത്തിന്റെ
പടുകുഴി തോണ്ടുകയാണ്.
ജീവിതത്തിൽ ചുവടിടറി
പുകച്ചുരുളുകളിലാപതിച്ചവർക്ക്
പിഴച്ചുപോയതെവിടെയാണ്?
കാതോർക്കാം
ലോക നിയന്താവിന്നാജ്ഞകൾ
കാതോർക്കാം
നേർവഴി കാട്ടും തിരുവചനങ്ങൾ
മത്തുപിടിപ്പിക്കുന്നതെന്തും
ലഹരിയെന്നും
അവയെല്ലാം പാടെ
വർജിക്കണമെന്നും
പഠിപ്പിച്ച പ്രവാചകൻ!
തിന്മകൾക്കെതിരെ പോരാടുവാൻ
വഴികാട്ടിയ ഗുരുശ്രേഷ്ഠൻ!
ആ തിരുവചനങ്ങളിൽ
വെളിച്ചം കണ്ടെത്തി
ലഹരിയെ തുരത്താൻ
കൈകോർക്കാം നമുക്കിനി
നന്മതൻ വഴിയിൽ ചരിച്ച്
വരുംതലമുറകളിലേക്കായി
ദിവ്യസന്ദേശത്തിൻ
പ്രഭ പകരാം നമുക്കിനി

# രുചികരമായ ചമ്മന്തികൾ

സലീന ബിൻത് മുഹമ്മദലി

## ഉള്ളിച്ചമ്മന്തി

ചമ്മന്തി ഇഷ്ടമില്ലാത്തവർ കുറവായിരിക്കും. ചിലർക്ക് നല്ല എരിവുള്ള ചമ്മന്തിയായിരിക്കും ഇഷ്ടം. ചിലർക്ക് എരിവു കുറഞ്ഞതും. മറ്റു ചിലർക്ക് പുളിയുള്ളതിനോടായിരിക്കും താൽപര്യം. ദോശ, ഇഡ്ഡലി, ചോറ് എന്നിവയുടെ കൂടെയെല്ലാം ഉപയോഗിക്കാവുന്ന ഉള്ളിച്ചമ്മന്തി എങ്ങനെ യുണ്ടാക്കാം എന്ന് നോക്കാം.

*ആവശ്യമായവ:*

ചെറിയ ഉള്ളി: 1 കപ്പ് (സവാളകൊണ്ടും ചെയ്യാം).

വറ്റൽ മുളക്: 6-7 (പിരിയൻ മുളക് കൂടി എടുത്താൽ നല്ല നിറവും കിട്ടും).

കറിവേപ്പില: 2 തണ്ട്

പുളി: (നിർബന്ധമില്ല) ആവശ്യത്തിന്.

ഉപ്പ്, എണ്ണ: പാകത്തിന്.



പാൻ ചൂടാക്കി കുറച്ച് എണ്ണയൊഴിച്ച് ചെറിയ ഉള്ളി വറ്റൽമുളക്, 1 തണ്ട് കറിവേപ്പില എന്നിവ നന്നായി വഴറ്റുക. പാകത്തിന് ഉപ്പ് ചേർക്കുക. ഉള്ളി നല്ല ബ്രൗൺ നിറം ആകും വരെ വഴറ്റുക.ശേഷം ചൂടാറാൻ വെക്കുക.

ചൂടാറിയ ശേഷം (പുളി ചേർക്കുന്നുണ്ടെങ്കിൽ അതും കൂടി ചേർത്ത്) ഈ കൂട്ട് അരച്ചെടു ക്കുക. അൽപം വെള്ളം ചേർത്ത് നന്നായി ഇളക്കുക. പിന്നീട് പാൻ ചൂടാക്കി എണ്ണയൊഴിച്ച് കടുക്, കറിവേപ്പില എന്നിവയിട്ട് മൂപ്പിച്ച് അരച്ചുവെച്ചിരിക്കുന്ന കൂട്ട് അതിൽ ചേർത്ത് ഇളക്കുക. ചെറുതായി ചൂടായ ശേഷം തീ ഓഫ് ചെയ്യാം. ഉള്ളിച്ചമ്മന്തി റെഡി.

## ഉണക്കച്ചെമ്മീൻ ചമ്മന്തി





ആവശ്യമായവ:

ഉണക്കച്ചെമ്മീൻ: 50 ഗ്രാം.

തേങ്ങ: അര മുറി.

ചെറിയ ഉള്ളി: 10 എണ്ണം

വെള്ളുത്തുള്ളി: 3 അല്ലി (നിർബന്ധമില്ല).

ഉണക്ക മുളക്: 5 എണ്ണം. (എരിവിനനുസരിച്ച് എണ്ണം കൂട്ടാം, കുറക്കാം).

കറിവേപ്പില: 1 തണ്ട്.


വാളൻപുളി: ഒരു ചെറിയ നെല്ലിക്ക വലുപ്പം.

ഉപ്പ്: പാകത്തിന്.

ഉണക്കച്ചെമ്മീൻ കഴുകി വൃത്തിയാക്കി ഒരു ചട്ടിയിലിട്ട് നല്ല പൊടിയുന്ന പരുവം വരെ ചൂടാക്കുക. കൂടെ ഉണക്കമുളക്, വെള്ളുത്തുള്ളി എന്നിവയും ചൂടാക്കുക.

ചൂടാറിയ ശേഷം ഇവയും തേങ്ങ, പുളി, ചെറിയ ഉള്ളി, കറിവേപ്പില, പാകത്തിന് ഉപ്പ് എന്നിവയും വെള്ളം ചേർക്കാതെ അരച്ചെടുക്കുക. രുചികരമായ ഉണക്കച്ചെമ്മീൻ ചമ്മന്തി റെഡി.

# കാക്കയും മനുഷ്യനും



**സുലൈഖ വാണിയമ്പലം**

മാതാവും പിതാവുമില്ലാതെ ഉണ്ടായ, ആദ്യത്തെ മനുഷ്യനാണ് ആദം നബി(അ). ആദ്യത്തെ പ്രവാചകൻ കൂടിയാണ് ആദം(അ).

ആദം നബിക്ക് ഇണയായി അല്ലാഹു ഹവ്വയെ സൃഷ്ടിച്ചു. അവർ സ്വർഗത്തിൽ സുഖമായി ജീവിച്ചു. ഇഷ്ടംപോലെ എവിടെനിന്നും എന്തും ഭക്ഷിക്കാനും അവർക്ക് അല്ലാഹു അനുമതി നൽകി. പക്ഷേ, ഒരു പ്രത്യേക മരത്തിൽ നിന്ന് ഭക്ഷിക്കരുതെന്ന് അവരെ വിലക്കി. എന്നാൽ പിശാച് അവരുടെ മേൽ തന്ത്രം പ്രയോഗിക്കുകയും അവരെ അബദ്ധത്തിൽ ചാടിക്കുകയും ചെയ്തു. അങ്ങനെ ആദമും ഹവ്വയും ആ വിലക്കപ്പെട്ട മരത്തിൽനിന്നും ഭക്ഷിച്ചു. അതോടെ അവരുടെ സ്വർഗജീവിതം നഷ്ടമാവുകയും ഭൂമിയിലേക്ക് അവരെ പറഞ്ഞയക്കുകയും ചെയ്തു. അവർ രണ്ടുപേരും അല്ലാഹുവിനോട് മനമുരുകി പ്രാർഥിച്ചു. അല്ലാഹു അവരുടെ പശ്ചാത്താപം സ്വീകരിച്ചു. അല്ലാഹു പറഞ്ഞു: "നിങ്ങളെല്ലാവരും അവിടെനിന്ന് ഇറങ്ങിപ്പോകുക. എന്നിട്ട് എന്റെ പക്കൽ നിന്നുള്ള മാർഗദർശനം നിങ്ങൾക്ക് വന്നെത്തുമ്പോൾ എന്റെ ആ മാർഗദർശനം പിൻപറ്റുന്നവരാരോ അവർക്ക് ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല" (ഖുർആൻ 2:38).

'നല്ലതും ചീത്തയും, ഗുണവും ദോഷവും, നന്മയും തിന്മയും, സുഖവും ദുഃഖവും കലർന്ന ഒരു ജീവിതമാണ് നിങ്ങൾക്കവിടെ നേരിടാനുള്ളത്. പ്രവാചകൻമാർ, വേദഗ്രന്ഥങ്ങൾ, ദൃഷ്ടാന്തങ്ങൾ മുതലായവ വഴി നിങ്ങൾക്കാവശ്യമായ ഉപദേശനിർദേശങ്ങൾ എന്റെ പക്കൽനിന്നും ലഭിച്ചുകൊണ്ടിരിക്കും. ആ മാർഗദർശനങ്ങൾ സ്വീകരിച്ചു നിങ്ങൾ അവിടെ ജീവിതം നയിക്കുന്നപക്ഷം ഇഹത്തിലോ പരത്തിലോ നിങ്ങൾക്ക് ഒട്ടുംതന്നെ ഭയപ്പെടേണ്ടി വരികയില്ല' എന്നൊക്കെയാണ് അല്ലാഹു അവരെ അറിയിച്ചത്.

ആദം-ഹവ്വ ദമ്പതികൾക്ക് ജനിച്ച രണ്ട് മക്കളാണ് ഹാബീലും കാബീലും. ഒരിക്കൽ അവർ രണ്ടുപേരും ഓരോ ബലികർമം നടത്തി. ഒരാളുടേത് അല്ലാഹു സ്വീകരിച്ചു. ഒരാളുടേത് സ്വീകരിച്ചില്ല. അത് അവർക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഹാബീലിന്റേത് മാത്രം സ്വീകരിക്കപ്പെട്ടതിൽ കാബീലിന് അസൂയ തോന്നുകയും തന്റെ സഹോദരനെ കൊലപ്പെടുത്താൻ അവൻ തീരുമാനിക്കുകയും ചെയ്തു. ഈ തീരുമാനം കാബീൽ സഹോദരനോട് തുറന്ന് പറഞ്ഞു. അന്നേരം ഹാബീൽ പറഞ്ഞ മറുപടി ഖുർആനിൽ ഇങ്ങനെ കാണാം: "എന്നെ കൊലപ്പെടുത്തുവാൻ വേണ്ടി എന്റെ നേരെ നിന്റെ കൈ നീട്ടിയാൽ തന്നെ നിന്നെ കൊലപ്പെടുത്തുവാൻ നിന്റെ നേരെ എന്റെ കൈ ഞാൻ നീട്ടുന്നതല്ല. നിശ്ചയമായും ഞാൻ ലോകരക്ഷിതാവായ അല്ലാഹുവിനെ ഭയപ്പെടുന്നു" (5:28).

അങ്ങനെ കാബീൽ ഹാബീലിനെ കൊന്നു. ഭൂമിയിലെ ആദ്യത്തെ കൊലപാതകമായിരുന്നു ഇത്. സഹോദരന്റെ മൃതദേഹം എന്തു ചെയ്യണമെന്ന് കാബീലിന് അറിഞ്ഞുകൂടാ. അല്ലാഹു പറയുന്നു: "അപ്പോൾ തന്റെ സഹോദരന്റെ മൃതദേഹം മറവു ചെയ്യേണ്ടത് എങ്ങനെയെന്ന് അവന്ന് കാണിച്ചുകൊടുക്കുവാനായി നിലത്ത് മാന്തി കുഴിയുണ്ടാക്കുന്ന ഒരു കാക്കയെ അല്ലാഹു അയച്ചു. അവൻ പറഞ്ഞു: എന്തൊരു കഷ്ടം! എന്റെ സഹോദരന്റെ മൃതദേഹം മറവുചെയ്യുന്ന കാര്യത്തിൽ ഈ കാക്കയെപ്പോലെ ആകാൻ പോലും എനിക്ക് കഴിയാതെപോയല്ലോ..." (5:31).

മൃതദേഹം എങ്ങനെ മറവു ചെയ്യണമെന്ന് കാക്കയിലൂടെ അല്ലാഹു  മനുഷ്യവർഗത്തിനു കാട്ടിക്കൊടുത്തു. അത് കണ്ട കാബീൽ തന്റെ സഹോദരന്റെ മൃതദേഹം കുഴിയുണ്ടാക്കി മറവുചെയ്തു.

കൂട്ടുകാരേ, അസൂയ ആപത്താണ്. അത് ചീത്ത സ്വഭാവമാണ്. മറ്റുള്ളവരുടെ നേട്ടത്തിൽ നാം സന്തോഷിക്കുകയാണ് വേണ്ടത്.

# അറിവിന്റെ പ്രാധാന്യം

വി.വി. ബഷീർ വടകര



കൂട്ടുകാരേ, നിങ്ങളൊക്കെ പഠിക്കുന്നവരാണല്ലോ. എന്തിനാണ് പഠിക്കുന്നത്? അറിവുണ്ടാകാൻ! അറിവുണ്ടായാൽ നേട്ടം പലതാണ്. അധ്യാപകരും ഡോക്ടർമാരും എഞ്ചിനീയർ മാരുമൊക്കെയായി മാറാൻ കഴിയുക പഠിക്കാൻ തയ്യാറുള്ളവർക്കാണ്.

എന്താണ് ഏറ്റവും വലിയ അറിവ് എന്ന് നിങ്ങൾക്കറിമാമോ? നമ്മെ പടച്ച് സംരക്ഷിക്കുന്ന ഏകനായ അല്ലാഹുവിനെക്കുറിച്ചുള്ള അറിവാണ് പരമ പ്രധാനമായ അറിവ്. ക്വുർആനും നബിവചനങ്ങളും അല്ലാഹുവിനെക്കുറിച്ച് പറഞ്ഞുതരുന്ന കാര്യങ്ങൾ നാം മനസ്സിലാക്കണം. ഈ ലോകത്ത് നാം കാണുന്ന എല്ലാ ജീവജാലങ്ങളും സസ്യങ്ങളും മറ്റെല്ലാ വസ്തുക്കളും അല്ലാഹുവിന്റെ സൃഷ്ടികളാണ്. അവയെക്കുറിച്ച് പഠിക്കുകയും ചിന്തിക്കുകയും ചെയ്താൽ അല്ലാഹുവിന്റെ കഴിവ് നമുക്ക് ബോധ്യമാകും. അപ്പോൾ അവനെ ഭയപ്പെട്ടും അവന്റ മതമനുസരിച്ചും ജീവിക്കുവാൻ സാധിക്കും.

കുട്ടികളായ നാം പഠന കാര്യങ്ങളിൽ നന്നായി ശ്രദ്ധിക്കണം. അല്ലാഹുവിനെക്കുറിച്ചുള്ള ഓർമ എപ്പോഴും നിലനിർത്തണം. ലുക്മാനുൽ ഹകീമിനെ കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ? പരിശുദ്ധ ക്വുർആനിൽ ഒരു സൂറത്തിന്റെ പേരുതന്നെ ലുക്മാൻ എന്നാണ്. അദ്ദേഹം തന്റെ മകനെ ഉപദേശിക്കുന്ന വാക്കുകളിൽ അല്ലാഹുവിനെ കുറിച്ചുള്ള സ്മരണ പ്രത്യേകം എടുത്തുപറയുന്നത് കാണാം.

മൊബൈൽ ഫോൺ ആവശ്യത്തിനു മാത്രം ഉപയോഗിക്കാൻ ശ്രദ്ധിക്കണം. അതിൽ കൂടുതൽ സമയം ചെലവഴിച്ചാൽ നാം മടിയന്മാരായി മാറും.

അത്വാഅ് ബിൻ അബീറബാഹ് (റഹി) 30 വർഷം ഹറമിൽ ഇബ്നുഅബ്ബാസി(റ)ൽ നിന്ന് വിജ്ഞാനം കരസ്ഥമാക്കിയ മഹാനാണ്. പഠന സാമർഥ്യവും ശ്രദ്ധയും കുട്ടിയായിരിക്കുമ്പോൾ തന്നെ അത്വാഇന് ഉണ്ടായിരുന്നു. പിൽക്കാലത്ത് മഹാപണ്ഡിതനായി മാറിയ അദ്ദേഹത്തിന്റെയടുത്ത് ഖലീഫ ഹാറൂൺ റഷീദ് പോലും മതവിധി ചോദിച്ച് വരാറുണ്ടായിരുന്നു എന്ന് ചരിത്രത്തിൽ കാണാം.

കൂട്ടുകാർ നിത്യേന ക്വുർആൻ പാരായണം ചെയ്യണം. ഇസ്‌ലാമിക ചരിത്ര പുസ്തകങ്ങൾ വായിക്കണം. ഉപകാരപ്രദമായ അറിവ് സ്വർഗത്തിലേക്ക് അടുപ്പിക്കുന്ന മാർഗമാണ്.

# നാം നമ്മെയറിയുക

അസ്ഹർ അബ്ദുറസാഖ്



കണ്ണാടി തന്നിലൊന്ന് നോക്കിടൂ നീ
കാണാം പടച്ചവന്റനുഗ്രഹങ്ങൾ
കൈയും കാലും, തല, കണ്ണും കാതും
സുന്ദരമായ് ഒക്കെയും പടച്ചതാര്?
നല്ല വാക്ക് പറയുവാൻ നിനക്ക് നാവിതാ
ദൃശ്യലോകം കാണുവാൻ കണ്ണ് രണ്ടിതാ
നടന്നും പിന്നെയോടിച്ചാടി ലക്ഷ്യമെത്തിടാൻ
കരുത്ത് മുറ്റും കാലുകൾ രണ്ടുമൊത്തതാ
കാതുകൾ കൊടുത്തു നല്ല വാർത്ത കേട്ടിടാം
കൈകളാൽ എഴുതിടാം തിന്നിടാം കുടിച്ചിടാം
കൈ കൊടുത്തു ബന്ധമൊക്കെ ശക്തമാക്കിടാം
കരങ്ങൾ കൊണ്ട് മാത്രമെത്ര കാര്യമെണ്ണിടാം
ഭംഗിയോടെ നിന്നെ ഈവിധം പടച്ചവൻ
ഏകനായ റബ്ബവനാണെന്നതോർക്കണം

# പുറത്തിറങ്ങി...






WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
07 JANUARY 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

മുസ്‌ലിം നവോത്ഥാന ചരിത്രത്തിലെ തിളങ്ങുന്ന നക്ഷത്രമാണ് ശൈഖുൽ ഇസ്‌ലാം മുഹമ്മദ് ബിൻ അബ്ദുൽ വഹാബ്. വഴികേടിന്റെ പടുകുഴിയിൽ വീണുകിടന്നിരുന്ന ജനതയെ ശുദ്ധമായ തൗഹീദിന്റെ പാതയിലേക്ക് നയിച്ചതിൽ അദ്ദേഹത്തിന് അനൽപമായ പങ്കുണ്ട്. തന്റെ പ്രബോധന പ്രവർത്തനങ്ങൾക്കിടയിൽ നിരവധി എതിർപ്പുകൾ അദ്ദേഹം അഭിമുഖീകരിച്ചു. ദുരാരോപണങ്ങളുടെ എല്ലാ രീതികളും ശത്രുക്കൾ അദ്ദേഹത്തിനെതിരെ പയറ്റി. കളവുകൾ കുത്തിനിറച്ച നിരവധി ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു. പക്ഷേ തൗഹീദിന്റെ കൊടിവാഹകനെ തളർത്താൻ അതൊന്നും മതിയായിരുന്നില്ല.

ശൈഖിന്റെ ദഅവത്തിനെ സംശയത്തോടെയും വിമർശനത്തോടെയും നോക്കിക്കണ്ടവർക്കെല്ലാം ഇതിൽ പ്രാമാണികമായ മറുപടിയുണ്ട്. ശീഈ, സൂഫീ, ഇഖ്‌വാനീ കൂട്ടുകെട്ട് ഈ മഹാനായ മനുഷ്യനോട് ചെയ്തത് വായിക്കുമ്പോൾ ശരിക്കും നമ്മൾ അത്ഭുതപ്പെടും. എഴുത്തുകാരനും ഗവേഷകനുമായ യൂസുഫ് സാഹിബ് നദ്‌വിയാണ് ഇത് തയ്യാറാക്കിത്തന്നത്. ഡോ. ടി.ജമാൽ മുഹമ്മദ്, ഡോ. അബ്ദുറഹ്മാൻ ആദൃശ്ശേരി എന്നിവരുടെ അവതാരികകൾ ഈ ഗ്രന്ഥത്തിന്റെ മാറ്റ് കൂട്ടുന്നു. ശൈഖിന്റെ ചരിത്രം സത്യസന്ധമായി പഠിക്കണം എന്നാഗ്രഹിക്കുന്നവർക്കെല്ലാം ഈ ഗ്രന്ഥം ഒരു മുതൽക്കൂട്ടാണെന്നതിൽ സംശയമില്ല.

വില: ₹280+₹360+₹420=₹1060
ഇപ്പോൾ ബുക്ക് ചെയ്യുന്നവർക്ക്:
₹860

കോപ്പികൾ ബുക്ക് ചെയ്യാനായി ഈ നമ്പറിൽ ബന്ധപ്പെടുക: 7356766478

മൂന്ന് വാല്യങ്ങൾ




വഹാബി നവോത്ഥാനം
വിമർശകരും വസ്തുതകളും
ഇ യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478